യു. നന്ദകുമാർ

# 56

(മലയാളം: ചെറുകഥ)

2014
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**56**
Malayalam short story
by **U. Nandakumar**

Copyright © 2014, U. Nandakumar

First EPUB/PDF version published: 2014

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2014. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . . . . . . iii
1 കണ്ണനും രാധയും . . . . . . . . . . 1
2 ലോകം എന്റെ മുറിക്കുള്ളിലായത് . . . . . . . . . . 3
3 അയാൾ . . . . . . . . . . 9
4 പഞ്ചവർണ്ണന്റെ പ്രവചനങ്ങൾ . . . . . . . . . . 15
5 56 . . . . . . . . . . 23
6 ഒരുവൾ രക്തസാക്ഷിയാവുന്നതെങ്ങനെ? . . . . . . . . . . 27
7 ഡെഡാലസിന്റെ വരവുംകാത്ത് . . . . . . . . . . 33
8 ആപേക്ഷികം . . . . . . . . . . 39
9 നാറാണത്തുഭ്രാന്തൻ . . . . . . . . . . 41
10 മന്ഥര . . . . . . . . . . 43

# 1

## കണ്ണനും രാധയും

തലേന്ന് കണ്ട നളചരിതത്തിലെ 'കിസലയാധര'യുടെ മൊഞ്ചുനിറഞ്ഞ ആട്ടം കണ്ണന്റെയുള്ളിൽ നിറഞ്ഞുനിന്നു. ഏകാഗ്രത നഷ്ടപ്പെട്ട് ജാള്യതയോടെ മ്യൂസിക് മാഷ് ജയദേവരുടെ മുഖത്തുനോക്കുമ്പോൾ കണ്ടത് ഭൈരവിയും മോഹനവും ഉപേക്ഷിച്ച് പന്തുവരാളിയിൽ 'പീനപയോധര ഭാരഭരേണ ഹരിം...' ആലപിക്കുന്ന അദ്ദേഹത്തിന്റെ മുഖത്ത് നിരാശ.

"എന്തേ കണ്ണാ ഇങ്ങനെ? ഇന്നൊരു രാഗവും ശരിയാവുന്നില്ലല്ലോ...?"

കണ്ണൻ കണ്ണുകൾ അടച്ചുതുറന്നു. ഒരു കോട്ടുവായ് വിട്ടു ശുദ്ധവായു വലിച്ചെടുത്തു. നെറ്റിയിലേയ്ക്ക് വീണുകിടന്ന മുടി വാരി മേല്പോട്ടൊതുക്കി എട്ടാം ക്ലാസ് ഗണിത പുസ്തകം തെല്ലലക്ഷ്യമായി വലിച്ചെടുത്തു പേജുകൾ മറിച്ചു. പുസ്തകം പൊതിഞ്ഞിരുന്ന താളിലെ ജാക്വിലിൻ കെന്നഡി ഓനാസ്സിസിന്റേയും മേ വെസ്റ്റിന്റേയും ചിത്രങ്ങളിലേക്ക് ഒരുനിമിഷം കണ്ണോടിച്ച് ജയദേവൻ പറഞ്ഞു:

"ഇന്നു ശരിയാവില്ല കണ്ണാ. ഞാൻ ഇറങ്ങ്വാണ്."

അപ്പോൾ പുറമേനിന്നും യദുകുലകാംബോജി ഒഴുകിവന്നു: "കരുണ ചെയ്‌വാനെന്തു താമസം..." പിന്നാലെ രാധയും.

"വരൂ കണ്ണാ ആകാശച്ചോട്ടിൽനിന്നു നൃത്തം...ചെയ്യാം..."

കണ്ണൻ കുലുങ്ങിയില്ല.

"കണ്ണാ, പ്ലീസ്. വെള്ളച്ചാട്ടത്തിൽ മുങ്ങിക്കുളിക്കാം. കട്ടെടുക്കാൻ ഉടയാടകൾ തരാം. കദളിപ്പഴവും ബട്ടർസ്കോച്ചും തരാം. വരൂ..."

കണ്ണൻ അവളെ നോക്കിയതുപോലുമില്ല.

"കണ്ണാ...ഉദ്യാനത്തിലെ വെള്ളാമ്പലുകൾക്കിടയിൽ നീന്തിനടക്കാം. ചെമ്പകച്ചോട്ടിലിരു

ന്ന ബദാം മിൽക്ക് കുടിക്കാം. വരൂ എന്നോടൊത്ത് അവയ്ക്കിടയിലൂടെ ചുറ്റിക്കറങ്ങി സന്ധ്യയ്ക്കുമുമ്പ് തിരിച്ചെത്താം. എന്റെ കണ്ണനല്ലേ. സന്ധ്യാരാഗം യുഗ്മഗാനമാക്കാം. നമുക്ക ലൗബേഡ്സിനെ തുറന്നുവിടാം. എന്റെ കണ്ണാ...” അവളുടെ കെഞ്ചൽ കേട്ട് കണ്ണൻ സാവധാനമെഴുന്നേറ്റു. പ്രിൻറഡ് ഒറിയാകോട്ടൺ ലൂസർ ഷർട്ട് ജീൻസിലേയ്ക്കു ടക്ക ചെയ്തു തന്റെ കംപ്യൂട്ടർ സൂതിപഥത്തിൽ നിന്നും d-BASE വലിച്ചെടുത്തു:

```
10 REM Declare Gopi's name & Date
20 DIM Gopi(16008)
30 Input Name
""
""
""
100 End
```

കണ്ണനവളെ നോക്കി കംപ്യൂട്ടറിൽ ഡാറ്റ കൊടുത്തു: RADHA

സ്ക്രീനിൽ മറുപടി മിന്നിത്തെളിഞ്ഞു:

Monday, 22

തിരികെ വന്ന് എൻ.സി.ഇ.ആർ.ടി.യുടെ എട്ടാം ക്ലാസ് ഗണിതശാസ്ത്രം ബുക്ക് വീണ്ടുമെടുത്ത് പേജുമറിക്കുന്നതിനിടയിൽ കണ്ണൻ അവളോടുപറഞ്ഞു:

“സോറി, രാധ. നിന്റെ ഊഴം നാളെയല്ലേ?”

അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. കണ്ണുനീർ മുത്തുകൾ ഉരുണ്ടുകൂടി ഒരു കാളിദാസസമവാക്യ നിബന്ധനകളാൽ താഴോട്ടൊഴുകി നാഭിയിൽ വീണു ചിതറി.

കണ്ണനപ്പോൾ ഹിന്ദോളം സാധകം ചെയ്യുകയായിരുന്നു.

# 2

## ലോകം എന്റെ മുറിക്കുള്ളിലായത്

### [1] ജീവഗതി

പട്ടണത്തിന്റെ നടുക്ക് എന്റെ ഈ 16-ആം നമ്പർ മുറിയിൽ, എന്റെ മാളത്തിൽ എന്തിനിങ്ങനെ ഒളിച്ചിരിക്കുന്നുവെന്ന് നിങ്ങൾ ചോദിച്ചിട്ടില്ലേ? ഈ മുറിവിട്ട് എങ്ങും പോകാത്തത് ഞാനൊരു അന്തർമുഖനായതുകൊണ്ടാവും എന്നു നിങ്ങൾ ധരിച്ചിട്ടുണ്ടാവും. അല്ലെങ്കിൽ ഏതോ മാനസിക സംഘട്ടനത്തിലുഴറുന്ന മനുഷ്യജീവിയായി നിങ്ങളെന്നെ കാണുന്നുണ്ടാവും. അതുമല്ലെങ്കിൽ ലോകത്തോടും ജീവിതത്തോടും വിരക്തിപൂണ്ട് ജീവിതാവസാനത്തിനുവേണ്ടി കൊതിച്ചിരിക്കുന്ന പരാജിതനായാവും.

എന്നാൽ, സുഹൃത്തേ, സത്യം ഇതിൽ നിന്നെത്ര വിഭിന്നമാണ്. അനേകം തവണ ആവർത്തിക്കപ്പെട്ട നിങ്ങളുടെ ചോദ്യത്തിൽ നിന്നുമൊഴിഞ്ഞുമാറിയപ്പോൾ നിങ്ങളുടെ തോന്നലുകൾ ദൃഢമായതിൽ നിങ്ങളെ കുറ്റപ്പെടുത്താനില്ല. നിങ്ങൾ മനസ്സിലാക്കേണ്ടത്, ലോകത്തിന്റെ ഒരു ചീന്ത് എന്റെ ഈ മുറിയിൽ നിലനിൽക്കുന്നുവെന്നതതാണ്, ഒരു മിനിയേച്ചർ ലോകം എന്റെ മുറിയിൽ ജീവനോടെ സ്ഥിതിചെയ്യുന്നുവെന്നതാണ്. ലോകത്തിലെ എല്ലാ സംഭവങ്ങളും ഈ മുറിക്കുള്ളിലും നടന്നുവരുന്നുണ്ട്. വളർച്ചയും വികാസവും, സ്നേഹവും സ്പർദ്ധയും, യുദ്ധവും സമാധാനവും, ഒക്കെ. പിന്നെ ഈ ജനാലയിൽക്കൂടി പുറമേ നോക്കിയാൽ ആകാശവും വെള്ളിനക്ഷത്രങ്ങളും മഴമേഘങ്ങളും നീരുറവകളും കാണാം. എന്തിന്, പുറമേയുള്ള ഓരോ സ്പന്ദനവും ഈ ജനാലയിലൂടെ നോക്കിക്കാണാം. പൂർണ്ണമായ ഒരു ലോകം എനിക്കുചുറ്റുമുള്ളപ്പോൾ അതിനുമപ്പുറം മറ്റെന്തു കാണാനും കേൾക്കാനുമാണ് ഞാൻ എന്റെ ഈ സങ്കേതത്തിൽനിന്നും പുറത്തുകടക്കേണ്ടത്? ഇവിടെ ഇല്ലാത്തത് എന്താണ് നിങ്ങൾ പറഞ്ഞു ഘോഷിക്കുന്ന പുറംലോകത്തുള്ളത്?

## [2] കാലലീല

തികച്ചും ആകസ്മികമായാണ് ഞാൻ എന്റെ മാളം കണ്ടെത്തിയത്. അതുതന്നെ ആകസ്മികമായി. ഈ മുറി എനിക്കു പരിചയപ്പെടുത്തിത്തന്നത് 22-ആം നമ്പറിലെ ഉണ്ണിത്താനാണ്. ഞാൻ അതിന്റെ വാതിലിൽ മുട്ടിയപ്പോൾ എനിക്കുവേണ്ടി കാത്തിരുന്നുവെന്നപോലെ വാതിലുകൾ തുറന്നു. മുറിക്കുപുറത്തെ ഇടനാഴിയിലെ ഇരുണ്ട മൂലകളിലൊന്നിൽനിന്നും പതിഞ്ഞസ്വരത്തിൽ ഒരു ചിരി എന്നെ സ്വാഗതം ചെയ്തു. ഇരുണ്ട മൂലകളിൽ മനുഷ്യരൂപമൊന്നും കാണാഞ്ഞിട്ടും എനിക്കു ലഭിച്ച ചിരിയുടെ പൊരുൾ തേടാതെ ഞാൻ അവഗണിക്കയാണുണ്ടായത്. മുറിക്കുള്ളിലാകട്ടെ, തികച്ചും അത്ഭുതാവഹമായ കാര്യങ്ങൾതന്നെയാണ് സംഭവിച്ചിരിക്കുന്നത്. ചെറുതും വലുതുമായ അനേകം പ്രാണികൾ - ചിതൽ, ഉറുമ്പ്, പഴുതാര, പാറ്റ, ചിലന്തി, എന്നിങ്ങനെ! ഇവ തമ്മിൽ ജൈവശാസ്ത്രത്തിലെ ഏതോ അജ്ഞാതമായ തലത്തിൽ പരസ്പരം ബന്ധപ്പെട്ടിരുന്നുവെന്ന് അന്നെനിക്ക് മനസ്സിലായില്ല. എന്റെ മുറി കയ്യടക്കിയിരുന്ന ഈ ജന്തുക്കളോട് അടക്കാനാവാത്ത വൈരാഗ്യമാണ് എനിക്കുണ്ടായത്. പ്രത്യേകിച്ച് പ്രകോപനമൊന്നുമില്ലായിരുന്നുവെങ്കിലും ശക്തനെന്ന എന്റെ അഹങ്കാരം മൂലം ഒരു യുദ്ധത്തോടെയാണ് ഞാനെന്റെ വാസം തുടങ്ങിയത്.

ചരിത്രവും ദർശനവും അറിയുന്ന നിങ്ങൾക്ക് യുദ്ധത്തിന്റെ കാരണങ്ങളെപ്പറ്റി ഞാൻ പറഞ്ഞു തരേണ്ടതില്ലല്ലോ?ആംഗ്ളോ സാക്സൺ, യൂഫ്രട്ടീസ്, ടൈഗ്രിസ്, റോം എന്നീ സംസ്കാരങ്ങളിലെ യുദ്ധങ്ങൾ കാര്യമായ പ്രകോപനങ്ങളൊന്നുമില്ലാതെ നടന്നവയാണെന്ന് ആർക്കാണറിയാത്തത്? ശരിയാണ്. ശക്തനു യുദ്ധം ചെയ്യാൻ പ്രകോപനമെന്തിന്? ശക്തിമാൻ ആക്രമിക്കുമ്പോൾ ധർമ്മവും ശക്തിയും ഒരുമിക്കുമെന്നല്ലേ പുരാണങ്ങളിലെയും പാഠം?

ഏതായാലും എന്റെ യുദ്ധം എന്റെ പകലുകളെ ഇരുട്ടിലാഴ്ത്തി. ആധുനിക മിസൈലുകളും സന്നാഹങ്ങളുമുപയോഗിച്ച് എന്റെ ശത്രുക്കളെന്നു ഞാൻ ധരിച്ചവരെ ഏറെക്കുറെ തുരത്താനെനിക്കു സാധിച്ചു. സ്കഡ്, പേടിയറ്റ് തുടങ്ങിയ സന്നാഹങ്ങളുള്ള യോദ്ധാവിന് ഇതൊരു വലിയ നേട്ടമല്ല എന്നു നിങ്ങൾ പറയുന്നുണ്ടാവും, ശരിതന്നെ. എന്നാൽ പഴുതാരകളും പാറ്റകളും ക്ളോസറ്റിന്റെയുള്ളിലും ഓവുചാലുകൾക്കിടയിലും ഭൂമിയുടെ വിള്ളലുകളിലും ഗർത്തങ്ങളിലും ഒളിച്ചപ്പോൾ പൂർണ്ണവിജയം എന്നിൽനിന്നകന്നു പോകുന്നത് ഞാനറിഞ്ഞു. വിഷവാതകങ്ങളും വേണ്ടി വന്നാൽ അണുശക്തിയുമുപയോഗിക്കാനാണ് എനിക്കു തോന്നിയത്. കുട്ടിക്കാലത്ത് മതിൽക്കെട്ടിലെ ചെറിയ വിടവിനുള്ളിൽ ഒളിച്ചിരിക്കുന്ന പ്രമാണികളെ പിടിക്കാൻ നേർത്ത കമ്പുകളും മറ്റും ഉപയോഗിച്ചിരുന്നത് അപ്പോഴാണ് ഞാനോർത്തത്. കാലഘട്ടത്തിന്റെ മാറ്റം കൊണ്ടാവാം എന്റെ ആ പഴയ ആയുധങ്ങൾക്ക് പുതിയ പ്രതിയോഗികളെ പിടിക്കാൻ കെൽപ്പില്ലായിരുന്നു. ദ്വാപരാന്ത്യത്തിൽ ഗാണ്ഡീവത്തിനുപോലും ശക്തി ക്ഷയിച്ചുവല്ലോ. ചുള്ളിക്കമ്പുകളും കമ്പികളും ഒടിഞ്ഞു മടങ്ങിക്കഴിഞ്ഞപ്പോൾ മുറിയുടെ പുറത്ത് ഇരുണ്ട ഇടനാഴിയിലെവിടെയോനിന്ന് പഴയ ആ ചിരി വന്നുകൊണ്ടിരുന്നു.

എങ്കിലും ശത്രുക്കൾ പിൻമാറിയെന്ന സമാധാനവുമായാണ് ഞാൻ എന്റെ മാളത്തിലെ ജീ

വിതമാരംഭിച്ചത്. ദീർഘമായും ഗാഢമായും ഉറങ്ങുന്ന ഞാൻ രാത്രികാലങ്ങളിൽ ഒരു പോരാട്ടത്തിനു ശ്ക്തനല്ലെന്ന് അവർ വളരേവേഗം മനസ്സിലാക്കി. രാത്രികാലങ്ങളിൽ എന്റെ ഉറക്കത്തിന്റെ മറയിൽ ചിലന്തികൾ പുതിയ പുര പണിയുകയും പാറ്റകൾ യഥേഷ്ടം ഓടിനടക്കുകയും പഴുതാരകൾ ഒളിസങ്കേതങ്ങളിൽ നിന്നു പുറത്തുവരുകയും ചെയ്തത് ഞാനറിഞ്ഞു. അവർ എന്നെ ഉപദ്രവിക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്തില്ല എന്നത് ഒരു ഘടകമല്ലായിരുന്നു. എന്റെ മുറിയ്ക്കുള്ളിൽ അവർ ഉണ്ട് എന്നത് എന്റെ ഉറക്കത്തിൽ വിള്ളലുകളുണ്ടാക്കി. അങ്ങനെ ഒരു രാത്രിയിലാണ് ഉറക്കത്തിൽ നിന്നു ഞെട്ടിയുണർന്ന ഞാൻ ഇണചേരുന്ന പാറ്റകളെക്കണ്ടത്. അവയുടെ മുഖത്തുണ്ടായിരുന്ന രതിയുടെ പ്രസന്നതയിൽ എന്റെ ഈർഷ്യ ആളിക്കത്തി. എന്റെ ചെരുപ്പുകളിലൊന്ന് ഊക്കോടെ പതിക്കുമ്പോൾ അവയിലൊന്ന് രക്ഷപ്പെട്ടു, മറ്റത് അരഞ്ഞു മരിച്ചു. മരണപ്പെട്ട പാറ്റയുടെ മുഖത്തും ആദ്യമുണ്ടായിരുന്ന പ്രസന്നത ഊഷ്മളമായി തന്നെ നിലനിന്നത് എന്നെ അത്ഭുതപ്പെടുത്തി. എന്നെ കൂടുതൽ ആശ്ചര്യപ്പെടുത്തിയത് ഇടനാഴിയിലെ ഏതോകോണിൽ നിന്നുയർന്ന ദൈന്യതയാർന്ന ചിരിയാണ്. ഞാൻ ചെയ്ത ക്രൂരമായ പ്രവർത്തിയിൽ എന്നെ ലജ്ജിപ്പിക്കാൻ പോന്നതായിരുന്നു ആ ചിരി.

ആ ഒരു നിമിഷം എന്നിൽ അറിവിന്റെ വെളിച്ചം വീശി. ആ വെളിച്ചത്തിൽ കൂട്ടുപിരിഞ്ഞ ഇണയുടെ ദുഃഖം എന്റെയും ദു:ഖമായി. ഇണചേരുന്ന കമിതാക്കളൊന്നിനെ കൊല്ലുന്ന ലോകനീതി എനിക്കുമുമ്പുതന്നെ ഇവിടെ സ്ഥാപിതമാണല്ലോ എന്ന് ഞാൻ ദുഃഖത്തോടെ ഓർത്തു. ഇത് എന്റെ കുറ്റസമ്മതമായെന്നോണം മുറിയുടെ പുറമേനിന്നും സാന്ത്വനത്തിന്റെ ചിരി മുഴങ്ങി. കൊലപാതകം മനുഷ്യനു ചെയ്യാവുന്ന ഏറ്റവും വലിയ പാതകമാണെന്നും, മരണം ഒരു ജീവിക്കനുഭവിക്കാവുന്ന ഏറ്റവും വലിയ ശിക്ഷയല്ലെന്നും അന്നാണെനിക്കു മനസ്സിലായത്. എന്റെ മുറിയ്ക്കുള്ളിൽ നടത്തിയിരുന്ന യുദ്ധത്തിൽനിന്നും പരാജിതനായി ഞാൻ പിൻവാങ്ങി.

അന്നാദ്യമായി എനിക്ക് മനസ്സിലായി, എന്റെ 16-ആം നമ്പർ മുറിക്കുള്ളിലെ എല്ലാജന്തുക്കളും സമാധാനം കാംക്ഷിക്കുന്നവരാണെന്ന്. മാത്രമല്ല, അവർ എന്റെ രക്ഷകരുമായിരുന്നു. വിദൂരമായ ഏതോ കലാപത്തിൽ പകലറുതികളിൽ എന്നിലേയ്ക്കൊഴുകിവന്നിരുന്ന നീലാംബരികളായിരുന്നു എന്റെ മുറിക്കു പുറത്തെ ഇടനാഴിയിൽനിന്നു കഴിഞ്ഞ രാത്രികളിൽ എന്നൊടൊപ്പമുണ്ടായിരുന്ന സംഗീതമെന്നും ഞാനറിഞ്ഞു.

എന്റെ ഉറക്കത്തിൽ കടന്നുവന്ന് എനിക്കുണ്ടാകാറുള്ള പേടിസ്വപ്നങ്ങളെ വലയ്ക്കുള്ളിലാക്കി മാറ്റിയിരുന്ന ചിലന്തികളും, എന്റെ കട്ടിലിനു ചുറ്റും കാവൽനിന്നിരുന്ന പഴുതാരകളും മുറിക്കുള്ളിൽ പറന്നുനടന്ന് ഉഷ്ണത്തിൽനിന്നുമെന്നെ രക്ഷിച്ചിരുന്ന പാറ്റകളും എന്റെ രക്ഷിതാക്കളല്ലെങ്കിൽ മറ്റെന്താണ്?

സുഹൃത്തേ, 16-ആം നമ്പർ മുറി മനുഷ്യവാസത്തിനു യോഗ്യമല്ലാതായെന്നും, അവിടെകയറിവരാൻ എല്ലാവർക്കും അറപ്പാണെന്നും നിങ്ങൾ ധരിച്ചത് കഷ്ടംതന്നെ. എന്റെ രക്ഷകരുമായി ഞാൻ നടത്തുന്ന സംഭാഷണങ്ങൾ പതിയിരുന്നു കേട്ടിരുന്ന മറ്റുള്ളവർ ദുർഗ്രഹവും ഗൂഢവുമായ പ്രവർത്തികൾ ച്ചെയ്യുന്നവനായും ഒരുതരം അസാമാന്യനായും എന്നെ ചിത്രീ

കരിച്ചിരുന്നു. സൂക്ഷ്മത്തിൽ നടക്കുന്നതെന്തും ഗൂഢമെന്നു വ്യാഖ്യാനിച്ച് എന്നെ ഒറ്റപ്പെടു ത്താനുള്ള ശ്രമം നടന്നപ്പോഴും ഈ രക്ഷിതാക്കൾ തന്നെയാണ് എന്നോടൊപ്പം നിന്നത്.

പിന്നീടൊക്കെ ഞാൻ വൈകുന്നേരങ്ങളിൽ പുറത്തുപോകുമ്പോൾ എന്നെ പിന്തുടരാറുണ്ടാ യിരുന്ന പരിഹാസച്ചിരികൾ എനിക്ക് വൈകാരിക സംഘട്ടനമുണ്ടാക്കിയിരുന്നു. പക്ഷേ എന്റെ രക്ഷകർ തന്നെയാണ് ആ വൈകുന്നേരങ്ങളെ മൂടിക്കെട്ടി എന്നോടൊത്ത് എന്റെ മുറിക്കുള്ളിലാക്കിയത്. ഇവിടെയിരുന്ന് അങ്ങനെ എനിക്ക് പുറംലോകത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുവാനും എന്റെ വൈകുന്നേരങ്ങൾ ആസ്വാദ്യമാക്കുവാനും കഴിയുമെന്നായി.

## [3] സംസാരവർണ്ണന

എന്റെ ചുമലിൽ കൈവച്ച്, തുറന്നിട്ട ഈ ജനാലയിലൂടെ പുറത്തേയ്ക്കുനോക്കൂ. നിശ്ചയ മായും നക്ഷത്രങ്ങളും ദൂരെയുള്ള പുഴയും പാലവും ഒക്കെ നിങ്ങൾക്കു കാണാൻ കഴിയും. ഒന്നു കൂടി സൂക്ഷിച്ചുനോക്കൂ, പുറംലോകത്തു നടക്കുന്ന ഏറ്റവും നിസ്സാരമായ സംഭവങ്ങ ൾപോലും ഇവിടെയിരുന്നു നിങ്ങൾക്ക് കാണാം. ദൂരെ പാലത്തിനുമപ്പുറം ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും അതോടു ചേർന്ന വീടും കാണുന്നില്ലേ? അവിടെ നടക്കുന്ന സംഭവങ്ങൾ ഞാ ൻ നിങ്ങൾക്കു പറഞ്ഞു തരാം.

പകൽ മുഴുവൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിപ്പിക്കുന്ന കമ്മത്തും തൊട്ടുചേർന്ന വീട്ടിൽ ഏകാന്തത യുടെ തടവറയിൽ കഴിയുന്ന ഭാര്യയുമാണ് അവിടെയുള്ളത്. നോക്കൂ കഴിഞ്ഞ നാളുകളിൽ അവിടെ നടന്നതെന്തൊക്കെയായിരുന്നുവെന്ന്. രാവിലെ എട്ടു മുതൽ പത്തു വരെ പെ ൺകുട്ടികൾക്ക് ടൈപ്പ്റൈറ്റിംഗ് ക്ളാസ്സും ഉച്ചയ്ക്ക് രണ്ടുമുതൽ മൂന്നുവരെ ചുരുക്കെഴുത്തു ക്ളാസ്സും മുറതെറ്റാതെ എടുത്തുമടങ്ങിയെത്തുന്ന കമ്മത്തിന്റെ ഭാവമാറ്റം ആദ്യമൊന്നും പാവം ഭാര്യ അറിഞ്ഞിരുന്നില്ല. ഫാനിനടിയിൽ പെൺകുട്ടികളുടെ തലമുടിനാരുക ൾ ഇളകുന്നതും അവരുടെ വസ്ത്രം ക്ളാസ്സുമുറികളിൽ ഒഴുകി നടക്കുന്നതും കമ്മത്തിന്റെ കൺമുന്നിൽ നേർമ്മയുള്ള ഒരു തിരശ്ശീലയെന്നോണം തങ്ങി നിന്നിരുന്നതും ഭാര്യ കണ്ടി രുന്നില്ല. പെൺകുട്ടികൾ വായിക്കുന്ന നോവലുകളിലെ പൈങ്കിളി മൊഴികൾ കമ്മത്തി ന്റെ നാവിൽനിന്നടർന്നു വീണപ്പോഴും അവരുടെ കളിയൊച്ചകൾ അയാളുടെ ചെവികളിൽ അലകളായിവന്നിക്കിളിപ്പെടുത്തിയപ്പോഴുമാണ് ഭാര്യയ്ക്ക് താളപ്പിഴയുടെ വൈകല്യമനുഭവ പ്പെട്ടത്. പിന്നീട് കമ്മത്തിന്റെ ക്ളാസ്സുകൾ മുറിക്കുള്ളിൽ നിന്നും പെൺകുട്ടികൾ പരീക്ഷ കടന്ന് പക്ഷികളെപ്പോലെ പറന്നു പൊയ്ക്കഴിഞ്ഞ്, പുതിയ പക്ഷിക്കുഞ്ഞുങ്ങൾ എത്തിയ പ്പോഴും അയാളുടെ നാവിൽ നിന്നും പൈങ്കിളി മൊഴികൾ അടർന്നു വീണുകൊണ്ടിരുന്നു. ക്ളാസ്സുകൾ പുരോഗമിച്ചപ്പോൾ അയാൾക്കുമേൽ പുരണ്ടിരുന്ന സ്ത്രൈണ സുഗന്ധവും കണ്ണു കളിൽ അലിഞ്ഞുചേർന്ന പാരവശ്യത്തിന്റെ മോഹരേഖയും ഭാര്യയുടെയുള്ളിൽ അങ്കലാ പ്പുളവാക്കി. അയാളുടെ പാരവശ്യം അവളെ തളർത്തി. അയാളുടെ മേലുണ്ടായിരുന്ന സുഗന്ധം അവളെ അസ്വസ്ഥയാക്കി. അവൾ വിശപ്പില്ലായ്മയും ദാഹക്കുറവും നിമിത്തം വീട്ടുപടിക്കൽ കാൽനീട്ടിയിരുന്ന് തന്റെ ഏകാന്തത അനുഭവിക്കാൻ ശ്രമിച്ചു. സ്ത്രൈണഗ ന്ധങ്ങൾ അസഹനീയമായി വീട്ടിലൊഴുകിനടന്നപ്പോൾ പിച്ചിപ്പൂമാലകൾ മുടിയിൽ ചൂടി,

വസ്ത്രങ്ങൾ മോടിയാക്കി കണ്ണുകൾ വിടർത്തി അതിനെ നേരിട്ടു നോക്കി. മാറിമാറി വരുന്ന പക്ഷികളെ താലോലിച്ച കൈകൾ അവളെ സ്പർശിച്ചപ്പോൾ അവയുടെ അസാധാരണ മാർദ്ദവം അവളെ ഭയപ്പെടുത്തി. എട്ടു മുതൽ പത്തുവരേയും, ഉച്ചയ്ക്ക് രണ്ടുമുതൽ മൂന്നുവരേയും അവൾ അകത്തളങ്ങളിലിരുന്ന് ശബ്ദമില്ലാതെ വിതുമ്പി കരഞ്ഞു.

അന്നൊരു നാളാണ് ആദ്യമായി സത്യവാൻ എന്ന വിദ്യാർത്ഥി അവിടെ വന്നത്. അയാൾക്കു വേണ്ടിയിരുന്നത് ദാഹശമനത്തിനു ഒരു ഗ്ളാസ് വെള്ളമായിരുന്നു. കണ്ണുകൾ തുടച്ച് മുഖം പ്രസന്നമാക്കി വെള്ളം കൊടുത്തു വിടുമ്പോൾ സത്യവാന് തന്നെക്കുറിച്ചെന്തു തോന്നിയിരിക്കും എന്നാണവൾ ചിന്തിച്ചത്. രാവിലെ പതിനൊന്നുമുതൽ പന്ത്രണ്ടും ഉച്ചയ്ക്ക് മൂന്നുമുതൽ ചുരുക്കെഴുത്തും പടിക്കുന്ന സത്യവാൻ വീണ്ടും പലയാവർത്തി വന്നു. കമ്മത്തിന്റെ വീട്ടിൽ കുടിവെള്ളത്തിനായി. ഒരു നാൾ സത്യവാൻ പറഞ്ഞു. “ചേച്ചിയുടെ കവിളുകളിലെ ദുഃഖത്തിന്റെ കരിനിഴൽ എന്നെ വേദനിപ്പിക്കുന്നു.”

ആത്മാർത്ഥ തുളുമ്പുന്ന നിഷ്കളങ്കനായ വിദ്യാർത്ഥിയുടെ വാക്കുകളിൽ അവളുടെ മനസ്സ് ആർദ്രമായി. അന്നാദ്യമായി അവളുടെ തലമുടിയിൽ തിരുകിയിരുന്ന പിച്ചിപൂക്കൾ അവിടെ പരിമളം പരത്തി. അതിൽ അവൾക്കു കുളിരനുഭവപ്പെട്ടു. പനിനീർത്തുള്ളികൾപോലെ അശ്രുകണങ്ങൾ അവൾക്കു സന്തോഷമേകാനെത്തി. അവൾപോലുമറിയാതെ എല്ലാ ദിവസവും കുടിവെള്ളത്തിന് സത്യവാൻ വരുവാനായവൾ ഉള്ളുരുകി പ്രാർത്ഥിക്കാൻ തുടങ്ങി.

ഒരു നാൾ കുടിവെള്ളം കൈമാറുന്നതിനിടയിൽ തികച്ചും ആകസ്മികമായി സത്യവാന്റെ വിരൽതുമ്പുകൾ അവളുടെ വിരലുകളിൽ സ്പർശിക്കുകയും അവ്യക്തമായ മിന്നൽപ്പിണർ അവളുടെ ശരീരത്തിലൂടെ കടന്നുപോകുകയും ചെയ്തപ്പോൾ പെൺകുട്ടികളുടെ പൊട്ടിച്ചിരിയിൽ ദ്രാവകാവസ്ഥയിലേക്ക് പോകുകയായിരുന്നു കമ്മത്ത്. പിന്നീടൊരിക്കൽ തന്റെ ദുഃഖമറിയിക്കാൻവേണ്ടിമാത്രം സത്യവാന്റെ തോളിൽ മുഖമമർത്തി നിൽക്കുമ്പോഴും സത്യവാന്റെ കൈകൾ അവളുടെ ചുമലിൽ സാന്ത്വനസ്പർശങ്ങൾ അർപ്പിക്കുമ്പോഴും കമ്മത്ത് ക്ളാസ്സുമുറികളിൽ പെൺകുട്ടികളുടെ ചിരി പങ്കിടുകയായിരുന്നു.

സുഹൃത്തേ, പുറം ലോകം എത്രകണ്ട് ജീർണ്ണിച്ചിരിക്കുന്നുവെന്നു നോക്കൂ. തികച്ചും പതിവ്രതകളായ ഭാര്യമാർ പോലും ഒട്ടും സുരക്ഷിതരല്ല എന്ന കാര്യം നമുക്കു വ്യക്തമല്ലേ? ഫാനിനടിയിൽ ചലിക്കുന്ന മുടിനാരുകളിലും ഇളകുന്ന വസ്ത്രങ്ങളിലും ഇക്കിളികൊള്ളുന്ന ഭർത്താക്കൻമാർ ക്രൂരൻമാരും ദുഷ്ടൻമാരുമാണെന്നു കണ്ട് ഞാൻ നടുങ്ങുന്നു. ഒരു ദിവസം ക്ളാസ്സ് കഴിഞ്ഞ് വീട്ടിലെത്തിയ കമ്മത്തിനു ഭാര്യയെ നഷ്ടപ്പെട്ടു. ഭാര്യയെ അന്വേഷിച്ച് വിലപിച്ച അയാളെ വിദ്യാർത്ഥികളുടെ അടക്കിയ പരിഹാസച്ചിരിയും ഉള്ളിൽ തറയുന്ന ഫലിതവും നിർവ്വീര്യനാക്കി. അയാളിനി എന്താണ് ചെയ്യുകയെന്ന് എനിക്കറിയില്ല.

സുഹൃത്തേ, ഞാൻ പറഞ്ഞുവന്നത് ഒരു ചെറിയ കാര്യം മാത്രം. എന്റെ ഈ 16-ആം നമ്പർ മുറിയിൽ, ഈ മാളത്തിൽ ഞാനെന്തിനൊളിച്ചിരുന്നുവെന്ന് നിങ്ങൾ ചോദിക്കുന്നുവല്ലോ. ലോകത്തിന്റെ ഒരു മിനിയേച്ചർ പതിപ്പിച്ച് ഈ മുറിക്കുള്ളിലുണ്ടെന്ന് നിങ്ങൾക്ക് വിശ്വാസമായോ എന്നെനിക്കറിയില്ല. അതിനാൽ മാത്രമാണ് ഞാനിപ്പോൾ എന്റെ മുറിയുടെ

രഹസ്യങ്ങൾ നിങ്ങൾക്ക് തുറന്നുകാട്ടുന്നത്.

ഇപ്പോഴെങ്കിലും ലോകം എന്റെ മുറിക്കുള്ളിലായത് നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടുവോ?

# 3

## അയാൾ

എലികൾ നഗരത്തെ ആക്രമിച്ചു.

സ്കൂൾ കുട്ടികളുടെ പുസ്തകസഞ്ചികളിലും വീട്ടമ്മമാരുടെ പാത്രശേഖരങ്ങളിലും ഫാക്ടറികളിലും സർക്കാരാപ്പീസുകളിലും കടന്നുവന്ന് അവളനങ്ങളുടെ മനസ്സ് വ്യാകുലപ്പെടുത്തി.

വൃദ്ധന്മാരുടെ മുറികളിൽനിന്നും രാത്രികാലങ്ങളിൽ ഭീതിദമായ രോദനങ്ങളുയർന്നു. കന്യകമാരുടെ ഉറക്കങ്ങളിൽ കയറി അവരുടെ സ്വപ്നങ്ങളിൽ പങ്കുചേർന്നു. അടുത്തനാൾ പുലർച്ചെ അവരുടെ കണ്ണിലെ വെള്ളയിൽ തെളിഞ്ഞ കരിവാളിപ്പുകൾക്ക് എലിയുടെ ആകൃതിയായിരുന്നു. രതിസ്വപ്നങ്ങൾക്കുശേഷം മാറിടങ്ങളിൽ തെളിഞ്ഞുവന്ന എലിയുടെ ദന്തക്ഷതങ്ങൾ അവരെ നഷ്ടബോധത്തിന്റെ ദുഃഖത്തിലാഴ്ത്തി. സർക്കാരാപ്പീസിലെ ബ്യൂറോക്രാറ്റുകളുടെ വലിയ കോട്ടുകളിൽ എലികൾ പതിയിരുന്ന് പൊതുജനങ്ങളുടെ കൈക്കൂലി നിറയേണ്ട കീശകളിൽ ദ്വാരമുണ്ടാക്കി. അവരുടെ ദാമ്പത്യ ബന്ധങ്ങളും എലികൾ കടിച്ചുകീറി അനുക്രമമായി തകർച്ചയിലെത്തിച്ചു. ഹർഷോന്മാദങ്ങളായ രാത്രികൾ ജീർണ്ണിച്ച് ഉൽകണ്ഠയുടെയും ഭയത്തിന്റെയും ഉഷ്ണമേഖലയായിക്കഴിഞ്ഞപ്പോൾ നിശാക്ലബ്ബുകളും മ്യൂസിക്കും ഡാൻസും നഗരവീഥികളിൽ മരിച്ചുകിടന്നു. രാത്രിയുടെ വിവിധയാമങ്ങളിൽ ഉണർന്നിരുന്ന നെടുവീർപ്പിടുന്ന പുതിയ സമൂഹം ഉദയം ചെയ്തു. അവരുടെ നെടുവീർപ്പുകളിൽനിന്നും സമയമളക്കാനും മോഹഭംഗങ്ങളിൽനിന്നും നിദ്രയുടെ ആഴം നിർണ്ണയിക്കാനും സാദ്ധ്യമാകുമെന്നായി. സ്വപ്നം കാണാൻ പോലും കഴിവില്ലാതായ നഗരത്തിന് രാത്രിയുടെ അശാന്തിയിൽനിന്നും രക്ഷപ്പെടാൻ പകലുറക്കത്തിനു കീഴടങ്ങേണ്ടിവന്നു.

രാത്രിയിലെ ഇണചേരലുകളുടെ സുരക്ഷിതത്വം എലികൾ പൊളിച്ചുമാറ്റിയപ്പോൾ വിദ്വേഷത്തിന്റെയും അസംതൃപ്തിയുടേയും മേഖലയിലേയ്ക്ക് നഗരം ചുരുങ്ങി. തടാകങ്ങളിൽ പരൽമീനുകൾ കഥ പറയാൻ മറന്ന് ചേതനയറ്റ് വന്ധ്യമായ രാവുകളെ നോക്കിക്കിടന്നു.

പിന്നെ,

ശിശുജനങ്ങൾ കുറഞ്ഞുവന്നപ്പോൾ നഗരത്തിൽ പുതിയ ഈറ്റില്ലങ്ങളുയർന്നു. അവയ്ക്കുള്ളിൽ എലികൾ പെറ്റുപെരുകി. രണ്ടാം തലമുറക്കാർക്കും അവരുടെ പിൻഗാമികൾക്കും ക്രമേണ വലിപ്പമേറി ഭീമാകാരന്മാരായ എലികളുടെ തലമുറ ഏറെ താമസിയാതെ നഗരത്തിൽ പ്രത്യക്ഷപ്പെട്ടു. അവർ പകലിനെ കൂസാതെ ഉന്നതങ്ങളായ മലകളിലും വൃക്ഷങ്ങളിലും പാർപ്പിടമൊരുക്കുകയും കണ്ണാടി ജനാലകളിൽ താവളമുറപ്പിച്ച് നഗരത്തിന്റെ പകൽ വെളിച്ചത്തെ ഏറെക്കുറെ അരിച്ചു മാറ്റുകയും ചെയ്തു.

തുടർന്ന് പകലറുതികളിലെ അരണ്ടവെളിച്ചത്തിൽ നടന്ന കാമുകസമാഗമങ്ങളിൽ കുപ്പിവളകളുടെ ഗദ്ഗദം നിലച്ചു. അവരുടെ കാലടികളിൽ ഞെരിഞ്ഞമരുന്ന മണൽത്തരികൾ ശോകമൂകമായി. അവരുടെ നിശ്ശബ്ദമായ മൊഴികളിൽ എലികളുടെ ദുർഗ്ഗന്ധം വമിച്ചു. പുൽപ്പരപ്പിലൂടെ ഒഴുകി വരുന്ന കാറ്റിലെ കമിതാക്കളുടെ കാതരനാദത്തിൽ എലികളുടെ എകതാനമായ മൂളിക്കരച്ചിൽ കുമിഞ്ഞുക്കൂടി. ഭാര്യാഭർത്താക്കന്മാരുടെയിടയിൽ എലികളുടെ തീക്ഷ്ണമായ നോട്ടം മതിലുകൾ നിർമ്മിച്ചു. ഉറക്കവും ദുഃഖവും സന്തോഷവും നഷ്ടപ്പെട്ട മനുഷ്യക്കോമരങ്ങൾ വാവലുകളെപ്പോലെ അചേതനവസ്തുക്കളായി പകലുകളിലും കുരുടരെപ്പോലെ രാത്രിയിലും നട്ടംതിരിഞ്ഞു. സ്വയം പരിത്യജിച്ച ഈ സമൂഹത്തിന്റെ മുഖത്ത് ഭയാനകത്തിന്റെ കറുപ്പും ബീഭൽസത്തിന്റെ നീലയും മാത്രം കാണപ്പെട്ടു. ഭയന്നു കറുത്തവർ എലികളെപ്പോലെ നാലുകാലിൽ നടന്നുതുടങ്ങി; അവയുടെ ശബ്ദത്തിൽ സംസാരിക്കാനും. നഗരത്തിന്റെ ഭരണം കയ്യടക്കിയിരുന്ന ഹിസ്റ്റേറിയൻ ഭരണകൂടം ഉദ്യോഗക്കയറ്റം നൽകി അവരെ ഔന്നത്യത്തിലെത്തിച്ചു.

നീലിച്ച മുഖവുമായി അലഞ്ഞുതിരിഞ്ഞവർക്ക് ഉറക്കം ഒരു മരീചികയായിരുന്നു. കാലങ്ങളിലൂടെ അതിനെ പിന്തുടർന്ന അവർ ഉറക്കത്തിൽ വഴുതിവീഴുമ്പോൾ എലികളവരുടെ ശരീരത്തിലൂടെ ഇഴഞ്ഞുനീങ്ങി. അവരിൽ ചിലരുടെ ജനനേന്ദ്രിയങ്ങളാക്രമിച്ച് നപുംസകരുടെ ഒരു പുതിയ സമൂഹത്തെ രൂപപ്പെടുത്തി. ഭരണകൂടമാകട്ടെ ഈ നപുംസകരെ തേടിപ്പിടിച്ച് അധികാരം കയ്യാളുന്ന ബ്യൂറോക്രാറ്റിക്ക് പദവിയിലവരോധിച്ചു. ഇന്ദ്രീയങ്ങളുടെ ദൗർബല്യ മില്ലാത്ത ഇവർക്ക് ക്രൂരവും കാര്യക്ഷമവുമായ വൃകഭരണം നടപ്പിലാക്കാൻ കഴിഞ്ഞു.

അപ്പോഴേയ്ക്കും പുതുതായ് നിലവിൽ വന്ന എലികളുടെ തലമുറ മനുഷ്യരോളം പോന്നവരായിരുന്നു. അവർ ധാർഷ്ട്യത്തോടെ മനുഷ്യരെ പിന്തള്ളി അവരുടെ ജീവിതം കയ്യടക്കി അവരുടെ ശയനഗൃഹങ്ങളും ഓർമ്മകളും നിശ്വാസങ്ങളും ഒക്കെ. അങ്ങനെ നഗരത്തിലെ വിഭവങ്ങൾ ചൂഷണംചെയ്യാൻ കെല്പുള്ളവരായപ്പോൾ ബ്യൂറോക്രാറ്റുകൾ പുറത്തുവിട്ട സ്ഥിവിവരക്കണക്കുകൾ എലികളുടേതായി മാറി. അവയിൽ എലികളുടെ സംഖ്യയും അവരുടെ ഭക്ഷണക്രമങ്ങളും അവർ തിന്നുതീർത്ത ഭക്ഷ്യപദാർത്ഥങ്ങളുടെ തോതും നിറഞ്ഞു.

ഇത് എലികളുടെ നഗരമാണ്.

നഗരത്തിലെ ജനങ്ങളുടെ അന്യവൽക്കരണം അങ്ങനെ പൂർത്തിയായി.

ഇവിടെ അയാൾ അയാൾക്കുതന്നെ അന്യനായിരുന്നു. യുഗങ്ങളിലൂടെ കടന്നുവന്ന അഭിശപ്തമായ കുറെ ഓർമ്മകളുടെ തടവറയ്ക്കുള്ളിൽക്കഴിയവേയാണ് അയാൾക്കാദ്യമായി അന്യവൽക്കരണമുണ്ടായത്. ഒരന്തർമുഖന് ലബ്ധമാകുന്ന സ്വകാര്യമായ ആമനസ്യം അയാളിലും ഒരളവുവരെ കടന്നുകൂടി നിഷ്കളങ്കമായ വശ്യത ആ മുഖത്തിനേല്പിച്ചിരുന്നു. ആകാശത്തിന്റെ വിശാലമായ പരപ്പിലേയ്ക്ക് അവിരാമമായി നോക്കിയിരിക്കുന്ന അയാളുടെ കണ്ണിണകളിൽ പ്രാചീനമായ ദുഃഖരേഖകളോടൊപ്പം അസ്വാസ്ഥ്യത്തിന്റെ നീലിമയും ഉണ്ടായിരുന്നു. അതിനാലാവണം അയാളെന്നും ഏകനായി, അന്യനായിക്കഴിഞ്ഞത്.

എന്തെന്നാൽ,

സമൂഹം അയാളെ തികച്ചും ഒരന്യനായാണ് കണ്ടത്. വ്യക്തിയുടേയും വസ്തുവിന്റേയും ഇടയ്ക്ക് പണിതീരുന്ന നിയമങ്ങളുടെ അനേകായിരം വേലിക്കെട്ടുകളിൽ തളച്ചിടാൻ പറ്റാത്തവനായി. മാമൂലുകളെന്ന മിഥ്യയിൽ കുരുങ്ങാത്ത മത്സ്യമായി, അല്ലെങ്കിൽ സമൂഹത്തെത്തള്ളിപ്പറയാൻ കെൽപ്പുള്ള ഒരേകാന്തപഥികനായി. അതുകൊണ്ടുതന്നെ അവരയാളെ ഒരു മാതൃമരണത്തിനും പിതൃഹത്യയ്ക്കുമിടയ്ക്ക് സ്ഥാപിച്ച് അയാൾ എന്ന ഓർമ്മകളിൽ നിന്നും ക്ഷരതേടി. ജന്മാന്തരങ്ങളിലൂടെ കടന്നുവന്ന അയാൾ പ്രതീകാത്മകമായ പിതൃഹത്യയിലൂടെയും ദേഹത്യാഗത്തിലൂടെയും മാത്രമേ അനശ്വരത കൈവരിക്കാൻ സാധ്യമാവൂ എന്ന് ഗ്രഹിച്ചിരുന്നു. ആ അറിവോടെ അയാൾ പറഞ്ഞമൊഴികൾ സമൂഹത്തിന് കേൾക്കാനിമ്പമുള്ളതും ഉൾക്കൊള്ളാൻ സാധിക്കുന്നതുമായിരുന്നില്ല.

പണ്ടുതന്നെ എഴുതിവയ്ക്കപ്പെട്ട സൂര്യനിൽനിന്നുത്ഭവിച്ച പുരുഷനിൽനിന്നും ചന്ദ്രനിൽനിന്നും ഉത്ഭവിച്ചസ്ത്രീയിൽനിന്നും തന്നെയാണ് അയാളും ജനിച്ചത്. മനസ്സിലെ നിയമങ്ങളും ചലനങ്ങളും ദൈർഘ്യവും കാലമായി രൂപാന്തരപ്പെട്ടപ്പോൾ താൻ ചുരുങ്ങിക്കഴിഞ്ഞ ചിപ്പിക്കുള്ളിൽ അയാളൊരു തുള്ളിജലമായിമാറി.

അതായിരുന്നു അയാളുടെ സ്വകാര്യ ദുഃഖം.

അതിലൂടെ അയാൾ നഗരത്തെ നോക്കിക്കണ്ടു. ഹിറ്റ്ലേറിയൻ ഭരണകൂടത്തിന്റെ കുടക്കീഴിൽ ആയിരക്കണക്കിന് എലികൾ അധികാരം കയ്യാളുന്നതയാളറിഞ്ഞു. തീപാറുന്ന നോട്ടവും ദയയില്ലാത്ത മുഖവുമായി നഗരജീവിതത്തെത്താറുമാറാക്കിയ അവരെക്കണ്ടയാൾ നടുങ്ങി. അതയാൾക്ക് പുതിയൊരുൾക്കാഴ്ച നൽകി. ഭരണക്കൂടത്തിന്റെ ഈ ജൈവായുധത്തെ നശിപ്പിക്കേണ്ടത് തന്റെ നിയോഗമായതിനാൽ അതിലേക്കായി അയാളുടെ അന്വേഷണം. അയാളുടെ മനസ്സും ചിന്തകളും എലികൾ കീഴ്പ്പെടുത്തിക്കഴിഞ്ഞു/

അപ്പോൾ,

ദീർഘകാലത്തെ പ്രവാസത്തിനുശേഷം അയാളിലെ അപരൻ നിശ്ശബ്ദമായി തിരിച്ചെത്തി. ജന്മാന്തരങ്ങളുടെ ബോധധാരയ്ക്കുമേൽ പരന്ന ഇളം വെയിൽ അയാൾക്ക് മനഃസാന്നിദ്ധ്യമേകി. തന്നെ വേട്ടയാടുന്നവരുടെ നേരെ വിരൽചൂണ്ടാനും, സ്വപ്നങ്ങൾ നഷ്ടപ്പെട്ട് കണ്ണുകളിൽ കരുവാളിപ്പുമായി ഉഴലുന്നവരെ ആശ്വസിപ്പിക്കാനും അയാൾ പഠിച്ചു. പ്രവാസത്തിനുശേഷം ഉണർന്നു പൂർണ്ണതയിലെത്തിയ അയാൾ മറ്റൊരു ജൈവായുധവുമായി

എത്തിയതുകണ്ട് ഭരണകൂടവും നഗരവും സ്തബ്ധരായി. തന്റെ വിധികർത്താക്കളുടെ നേർക്കുള്ള അയാളുടെ യുദ്ധം ആരംഭിച്ചു.

അന്ന് ആദ്യത്തെ എലി ചത്തുവീണു. മരണത്തിന്റെ മണം ആദ്യമായി ശ്വസിച്ച എലികളുടെ മൂളലിൽ പ്രതികാരത്തിന്റെ ജ്വാല പടർന്നു. അവർ കൂടുതൽ നപുംസകരെ സൃഷ്ടിക്കുകയും ഭരണം കർക്കശമാക്കുകയും ചെയ്തു ഉടൻ തന്നെ. പക്ഷെ തുടർന്നുള്ള ദിവസങ്ങളിൽ എലികളുടെ മൃതശരീരങ്ങൾ കുമിഞ്ഞുകൂടിയപ്പോൾ ബ്യൂറോക്രസി ഉലഞ്ഞു. നഗരത്തിൽ പ്ലേഗ് പടർന്നു പിടിച്ചിരിക്കുന്നു.

തുടരെത്തുടരെയുള്ള എലിമരണങ്ങൾ നഗരത്തെ പ്രക്ഷുബ്ധമാക്കി. എലികളുടെ ഈറ്റില്ലങ്ങൾ ആരോഗ്യകേന്ദ്രങ്ങളായി മാറി. അവയും പ്ലേഗ് നിയന്ത്രിക്കാനാവാതെ വന്നപ്പോൾ അവ എലികളുടെ ശ്മശാനഭൂമിയായി. പ്ലേഗ് എലികളോടൊപ്പം അപ്പോഴേക്കും ബ്യൂറോക്രാറ്റുകളേയും ഭയാനത്തിന്റെ കറുപ്പുബാധിച്ച ഉന്നതരായ ഉദ്യോഗസ്ഥരേയും കൊന്നുതുടങ്ങി. നഗരത്തിന്റെ മേലുള്ള പിടി തളർന്നപ്പോൾ ഭരണകൂടത്തിന്റെ രോദനം ആകാശത്തിലേയ്ക്കുയർന്നു മേഘക്കീറുകളിൽ പതിച്ചു പ്രതിധ്വനിച്ചു. പ്രതികാരത്തിന്റെ ജ്വാലമാറി എലികളുടെ മൂളലിൽ ഉൽകണ്ഠയുടെ ദൈന്യതയായി.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ സ്ഥിതിവിവരക്കണക്കുകളിൽ എലികളുടെ സംഖ്യ കുത്തനെ താണു. ശ്മശാനത്തിലെ ജ്വാലകൾ ഭീമന്മാരായ എലികളെ വിഴുങ്ങിക്കളഞ്ഞപ്പോൾ വലിപ്പം കുറഞ്ഞ എലികൾ നിരത്തുകളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. നഗരവീഥികളിലൂടെ ഓടിനടന്ന അവർ അദൃശ്യമായ പ്ലേഗ് മണത്തറിയുവാൻ ഘ്രാണശക്തിക്കുവേണ്ടി പ്രാർത്ഥിക്കുംപോലെ പരതിനടന്നു.

അയാൾ അപ്പോഴൊക്കെ നിസ്സ്തോഭനായി നിലകൊണ്ടു. മുഖത്ത് വിജയത്തിന്റെ തെളിമയുണ്ടായി. എങ്കിലും അന്യഥാബോധത്തിന്റെ മൗനം നേരിയതോതിൽ അയാളിലപ്പോഴും ഉണ്ടായിരുന്നു. ഒപ്പം സമൂഹത്തിന് അനിഷ്ടമായ വാക്കുകൾ ഉളവാക്കുന്ന പ്രശ്നങ്ങളും അയാളുടെ മനസ്സിൽ നിറഞ്ഞുനിന്നു.

നഗരത്തെ ഉലച്ച പ്ലേഗ് നിയന്ത്രിക്കപ്പെടുന്നതിനു മുമ്പുതന്നെ ബ്യൂറോക്രസിയും ഭരണകൂടവും നിലംപതിച്ചുകഴിഞ്ഞിരുന്നു. കെട്ടിടങ്ങളിലും മലകളിലും പൊക്കമുള്ള വൃക്ഷങ്ങളിലും തമ്പടിച്ചിരുന്ന എലികൾ നാമാവശേഷമായപ്പോൾ നഗരത്തിൽ വെയിൽ പരന്നു. ആ പകലിൽ ആകാശത്തിന്റെയും ഭൂമിയുടെയും പരിരക്ഷണത്തിൽ ജനങ്ങൾ ഉറക്കത്തിന്റെ സൗന്ദര്യമറിഞ്ഞു. അവസാനം വരെ പിടിച്ചുനിന്ന എലികളിൽ ഭൂരിഭാഗവും തങ്ങളുടെ മാളങ്ങളിലേയ്ക്കു ചുരുങ്ങി. അതിലേതാനും കുറ്റന്മാർമാത്രം ഒരന്തിമയുദ്ധത്തിനു തയ്യാറാവുന്നുണ്ടായിരുന്നു.

ഉറക്കവും സ്വപ്നവും നഗരത്തിലേയ്ക്കു തിരിച്ചുവന്നതയാൾ കണ്ടു. തന്റെ സ്വകാര്യ ദുഃഖങ്ങൾ ജീവിതത്തിലലിയിക്കുംമുമ്പ് അവസാനത്തെ എലിയേയും തകർക്കുവാൻ അയാളും തയ്യാറാവുന്നുണ്ടായിരുന്നു.

അന്നൊരു ദിവസം കണ്ണിൽ പകയുമായി വെല്ലുവിളിച്ച് ഭീമാകാരനായ എലിയെ അയാൾ

നേരിട്ടു. അവസാനത്തെ എലിയുടെ പോരാട്ടമായിരുന്നു അത്. ദീർഘമായ യുദ്ധത്തിന്റെയൊടുക്കം പരാജയഭീതിയാൽ തിരിഞ്ഞോടിയ എലിയെ അയാൾ പിന്തുടർന്നു. നേരം നന്നേ വൈകി. ഇരുട്ടിനു കട്ടിപിടിച്ചുകഴിഞ്ഞപ്പോഴും അയാൾ തന്റെ വാഹനത്തിൽ ആ കുറ്റനെലിയെ പിന്തുടരുകയായിരുന്നു. വാഹനത്തിന്റെ വെളിച്ചത്തിൽ എലി ഒരു അവ്യക്തതയായി മാറിയപ്പോഴും വേഗത്തിൽ അതിനോടടുക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു, അയാൾ.

അപ്പോഴേയ്ക്കും അയാളുടെ വാഹനത്തിന്റെ മേൽമൂടിയും ജാലകങ്ങളും അന്തരീക്ഷത്തിലലിഞ്ഞു ചേർന്നു. ചക്രങ്ങളുടെ സ്ഥാനത്ത് അതിവേഗം ചലിക്കുന്ന നാലു കാലുകളും പുകക്കുഴൽ നീണ്ട വാലുമായി. പിന്നീട് സ്റ്റിയറിംഗ് വീൽ രണ്ടു ചെവികളായിക്കഴിഞ്ഞപ്പോൾ താൻ വേഗത്തിൽ പായുന്ന മറ്റൊരെലിയുടെ മേലാണെന്ന് അയാൾ ഗ്രഹിച്ചു. അയാൾ വേഗം കൂട്ടി.

നഗരവീഥി അവസാനിക്കാറായപ്പോൾ ഗതിമുട്ടിയ ശത്രു പെട്ടന്ന് തിരിഞ്ഞ് അയാളെ ആക്രമിക്കാനാഞ്ഞു. ശത്രുവിന്റെ കണ്ണുകളിലെ ശക്തമായ പ്രകാശം അയാളുടെ കണ്ണുകളിൽ തുളച്ചു കയറി. അയാൾ വീണ്ടും വേഗംകൂട്ടി. നാലു കണ്ണുകൾ അടുത്തടുത്തു വന്നു. അനേകം കൊള്ളിമീനുകൾ ഒന്നിച്ചപോലെ അവ ഒത്തുചേർന്നു.

ഒരു നിമിഷം സാവധാനം കടന്നു പോയി.

കഴുത്തൊടിഞ്ഞ്, തലയുടെ അസ്ഥികൾ തകർന്ന് അയാൾ കിടന്നു. ദീർഘമായ പോരാട്ടത്തിനുശേഷം ക്ഷീണിച്ചുറങ്ങും പോലെ, ദുഃഖങ്ങളില്ലാതെ ഭയമില്ലാതെ. തലയോട്ടിയിൽ നിന്നും പുറത്തുവന്ന തലച്ചോറിൽ ചോരക്കറയുണ്ടായിരുന്നു. അയാളിലെ അപരന്റെ ചിന്തകളും എലികൾ അടക്കിയ നഗരത്തിന്റെ ജീവിതവും അയാളുടെ ഉൾക്കാഴ്ചയുടെ ശകലങ്ങളും അതിൽ പറ്റിപ്പടർന്നു കിടന്നു. അന്തരീക്ഷത്തിലപ്പോൾ അയാളുടെ മാനസിക വ്യാപാരങ്ങൾ പടർന്നു കേറി. ആ നീരാവി വായുവിൽ ലയിച്ച് നഗരവാസികളുടെ സ്വപ്നങ്ങൾക്കു ജീവൻ നൽകി. അവരുടെ ഓർമ്മകളിൽ അവ നൃത്തം ചെയ്തു.

അയാളുടെ മുഖത്ത് നീണ്ട ഒരു മുറിപ്പാടുണ്ടായിരുന്നു. തന്റെ ചിന്തകളിൽ ചിലത് വെട്ടിമാറ്റിയതു പോലെ. തീർച്ചയായും ആ ചിന്തകൾ മാത്രം നഗരത്തിന്റെ ഹൃദയത്തിലെത്തിയില്ല.

നഗരത്തിന് ആ രാത്രി പുതിയ യുഗപ്പിറവിയുടെ ഈറ്റില്ലമായി.

## 4

## പഞ്ചവർണ്ണന്റെ പ്രവചനങ്ങൾ

പഞ്ചവർണൻ ഗ്രാമത്തിലെത്തിയത് അസാധാരണമായി ഒന്നും സംഭവിക്കാത്ത ഒരു ദിവസമായിരുന്നു. പകലിന്റെ ആരംഭത്തിൽ അരണ്ട വെളിച്ചത്തിൽ ഒരു മനുഷ്യരൂപം കിഴക്ക് കുന്നിറങ്ങിവരുന്നത് കണ്ടവരുണ്ട് എന്ന് പിന്നീടാരൊക്കെയോ പറഞ്ഞു. ആരാലും ശ്രദ്ധിക്കപ്പെടാതെ ഗ്രാമത്തിന്റെ കവലയിൽ പഞ്ചവർണൻ ഒരു രാവിലെ വന്നെത്തുകയും അവിടെയുള്ള ആലിൻചോട്ടിൽ തന്റെ ഭാണ്ഡത്തിൽ നിന്നും ഒരു തുണി വിരിച്ച് ഇരിപ്പായി എന്നതുമാണ് സത്യം. തന്നെ ആരെങ്കിലും ശ്രദ്ധിക്കണമെന്ന വിചാരം അയാളെ ബാധിച്ചിരുന്നില്ല. വഴിപോക്കർ ആരെങ്കിലും അയാളെ ഗൗനിച്ചുവെങ്കിൽ അയാളത് തീർത്തും അവഗണിക്കുകയും ചെയ്തു.

എന്നാൽ പഞ്ചവർണൻ എങ്ങനെയാണ് ഗ്രാമനിവാസികളുടെ ശ്രദ്ധയിൽപെട്ടതെന്നോ? ഗ്രാമത്തിൽ പുറമേനിന്ന് ആരും വരാറുണ്ടായിരുന്നില്ല. അവിടെനിന്ന് ആരും എങ്ങോട്ടും പോകാറും പതിവില്ല. രാവിലെ ഗ്രാമമുണരുകയും രാത്രി ഉറങ്ങുകയും ചെയ്യും. അങ്ങനെയുള്ള ഗ്രാമത്തിൽ ഒരു നവാഗതൻ എങ്ങനെ ശ്രദ്ധിക്കപ്പെടാതിരിക്കും? അയാളുടെ വരവ് ഗ്രാമനിവാസികൾക്ക് ഒരുതരം കൗതുകമാണുളവാക്കിയത്. അത്ഭുതംകൊണ്ടാർപ്പുവിളിക്കുകയോ വിദ്വേഷംകൊണ്ട് ആക്രോശിക്കുകയോ ആരും ചെയ്തില്ല.

കവലയിലെ ചായക്കടക്കാരനാണ് അയാളെ ആദ്യം കണ്ടത്. ചായപ്പാത്രം അടുപ്പിൽ വെച്ച് കടയുടെ പകുതിപൊളിഞ്ഞ മുൻവാതിൽ തുറക്കാനായി എത്തിയപ്പോഴാണ് അതുണ്ടായത്. പുതിയ കച്ചവടസാധ്യത മനസ്സിൽക്കണ്ട് വാതിൽ തുറക്കാൻ മറന്ന് അടുപ്പിലെ തീ ആളിക്കത്തിച്ചു. ആ തീയിൽ നിന്നും ബീഡി കത്തിച്ച് ദീർഘമായി വലിച്ച് സാവധാനം പുക വെളിയിലേക്ക് ഊതിവിട്ട് നോക്കുമ്പോൾ നവാഗതൻ അകലെയുള്ള ആൽച്ചോട്ടിൽ ഇരുന്നുകഴിഞ്ഞു. 'ഒരു പണ്ടാരം' എന്നു പറഞ്ഞ് ചായക്കടക്കാരൻ ഉള്ളിലേക്കു വലിഞ്ഞു. അടുത്തുള്ള കുറ്റിക്കാട്ടിൽ തങ്ങളുടെ അന്നത്തെ സുപ്രധാന പ്രവൃത്തിയായ മലവിസർജനം നടത്താനെത്തിയ രണ്ട് യുവാക്കൾ അതു കേട്ട് തലയുയർത്തി നോക്കി. അപ്പോ

ൾ അവരും അതുതന്നെ പറഞ്ഞു. 'ഒരു പണ്ടാരം'. പക്ഷേ അപ്പോഴും അയാളുടെ വേഷവും മുഖവും ആരും ശ്രദ്ധിച്ചിരുന്നില്ല. അരണ്ട വെളിച്ചത്തിൽ അതു സാധിക്കുമായിരുന്നില്ല. അങ്ങോട്ടുചെന്ന് മനസ്സിലാക്കുവാനുള്ള താൽപര്യം ആർക്കും ഉണ്ടായിരുന്നുമില്ല. കുറച്ചുകൂടി സമയം കഴിഞ്ഞ് നേരം വെളുക്കുകയും അടുത്തുള്ള മുറുക്കാൻകട, വായനശാല എന്നിവ തുറക്കുകയും ചെയ്തപ്പോൾ ഗ്രാമനിവാസികൾ കവലയിലേക്കു വന്നുതുടങ്ങി. തങ്ങളുടെ പ്രഭാതത്തിലെ ചായയ്ക്കും ബീഡിക്കും പത്രത്തിനും കവലയിലേക്കു വരാതെ ഗ്രാമനിവാസികൾക്ക് മറ്റു പോംവഴിയില്ലായിരുന്നു. ചിലർ പത്രത്തിനു മുകളിലൂടെയും ചിലർ ചൂടുചായയുടെ ആവി ഊതിപ്പറപ്പിക്കുന്നതിനിടയിലും മറ്റുചിലർ മുറുക്കാൻകടയിലെ പഴക്കുലകൾക്കിടയിലൂടെയും ആൽച്ചുവട്ടിലിരുന്ന ആഗതനെ സൂക്ഷ്മമായി നിരീക്ഷിച്ചു. പ്രായാധിക്യത്താൽ അക്ഷരംമറന്നവരും കാഴ്ചനഷ്ടപ്പെട്ടവരും അക്ഷരം വായിക്കാനറിയില്ലാത്തവരും അന്ന് പതിവിനു വിപരീതമായി പത്രം വായിച്ചുകേൾക്കാൻ വായനക്കാരനെ സമീപിച്ചില്ല. വായനക്കാരനാകട്ടെ അന്ന് വായനയിൽ പ്രത്യേകതാൽപര്യവുമില്ലായിരുന്നു. ആൽച്ചോട്ടിലിരിക്കുന്നയാളെ ഒന്നുകൂടി നോക്കിയിട്ട് അവർ ചായക്കടക്കാരനോട് യോജിച്ചു. 'ഒരു പണ്ടാരം'.

ഗ്രാമനിവാസികളിലൊരാളാണ് അയാളുടെ വസ്ത്രം ശ്രദ്ധിച്ചത്. കഴുത്തുമുതൽ പാദം വരെ നീണ്ട കുപ്പായം. തലയിലെ തുണിത്തൊപ്പി കുപ്പായത്തോട് തുന്നിപ്പിടിപ്പിച്ചിരിക്കുന്നു. കുപ്പായത്തിന് വയലറ്റ്, നീല, പച്ച, മഞ്ഞ, ചുവപ്പ് എന്നി നിറങ്ങളുണ്ടായിരുന്നു. ഇനിയും നിറങ്ങളുണ്ടായിരുന്നുവെങ്കിൽ അവയുടെ പേരറിയാഞ്ഞ് അയാൾ വിട്ടുകളഞ്ഞ് കാണും. അങ്ങനെ പഞ്ചവർണ്ണൻ പണ്ടാരം എന്ന പേര് അയാൾക്ക് ഏറ്റവും അനുയോജ്യമാണെന്ന് നിവാസികൾ വിശ്വസിച്ചു.

അപ്പോൾ രവിലെ ചായകുടിക്കാനും ബീഡിവലിക്കാനും പത്രം വായിക്കാനും മറന്നുനിന്ന അവർക്ക് പഞ്ചവർണ്ണനെ കൂടുതൽ അറിയാനുള്ള ജിജ്ഞാസയുണ്ടായി. നിയന്ത്രിക്കാനാവാത്ത ഏതോ ഉൾപ്രേരണയാൽ അവർ സാവധാനം ആൽചുവട്ടിലേക്ക് നീങ്ങി. ഗ്രാമനിവാസികൾക്കപ്പോഴയാളെ കൂടുതൽ വ്യക്തമായി കാണാൻ സാധിച്ചു. ചെമ്പിച്ചുനീണ്ട് കഴുത്തറ്റമെത്തുന്ന മുടി അലസമായിക്കിടക്കുന്നത് നേർത്ത തുണിത്തൊപ്പിയിലൂടെ കാണാമായിരുന്നു. മുഖത്ത് ഇരുണ്ടും ചെമ്പിച്ചതുമായ രോമം. നേർത്ത് നീണ്ടചുണ്ടുകളും തീക്ഷ്ണമായ കണ്ണുകളും. തുളഞ്ഞുകയറുന്ന അയാളുടെ നോട്ടം നിവാസികളെ അസ്വസ്ഥരാക്കാൻ പോന്നതായിരുന്നു. അവർ അടുത്തെത്തിയപ്പോൾ അസ്വസ്ഥമായ അവരുടെ മനസ്സ് തണുക്കാനെന്നോണം പഞ്ചവർണ്ണൻ മൃദുവായി പുഞ്ചിരിച്ചു. എന്നിട്ട് മനപ്പൂർവമെന്നപോൽ തിരിഞ്ഞ് തന്റെ ഭാണ്ഡത്തിൽ നിന്നും ഒരു സ്ഫടികഗോളം പുറത്തെടുത്ത് മുമ്പിൽ വെച്ചു. പകൽവെളിച്ചം അതിൽ പതിച്ചുണ്ടാകുന്ന തീവ്രമായ പ്രതിപതനപ്രകാശത്താൽ ഗോളത്തിലേക്കു നോക്കിനിന്ന ഗ്രാമനിവാസികളുടെ കണ്ണുകൾ കൂമ്പി. ഗോളാകൃതിയായ ആ സ്ഫടികോപലത്തിൽ നിഗൂഢദൃശ്യങ്ങൾ കാണാമെന്ന തോന്നൽ അവരെ കീഴടക്കി. പ്രചണ്ഡമായ ജിജ്ഞാസ പരൽഗോളത്തിലവരെ പിടിച്ചുനിർത്തിക്കഴിഞ്ഞപ്പോൾ ഒരു സമ്മോഹനക്കാരന്റെ സ്ഫുടതയോടെ മെല്ലെ പഞ്ചവർണൻ അവരോടായി പറഞ്ഞു; "അടുത്തുവരൂ" മന്ത്രനിബദ്ധരായി അടുത്തേക്കു നീങ്ങുന്ന അവരുടെയിടയിൽ നിന്നൊരുവനെ പഞ്ച

വർണ്ണൻ ആംഗ്യംകാട്ടിക്ഷണിച്ചു. വശ്യമായ ആ കണ്ണുകളുടെ ക്ഷണം നിരസിക്കാനാവാതെ അയാൾ പഞ്ചവർണ്ണന്റെ അടുത്തെത്തി.

ആരോഗ്യമുള്ള ശരീരവും ബലിഷ്ഠങ്ങളായ കരങ്ങളുമുള്ള അയാൾ ചെത്തുകാരനായിരുന്നു. രാവിലേയും വൈകീട്ടും തെങ്ങിൽനിന്നും കള്ള് ശേഖരിച്ച് ഷാപ്പിലെത്തിക്കയാണ് അയാളുടെ പ്രവൃത്തി. പഞ്ചവർണ്ണന്റെ നിശ്ശബ്ദമായ പ്രേരണയാൽ ചെത്തുകാരൻ സ്ഫടികഗോളത്തിന്റെ മുമ്പിലെത്തി അതിലേക്ക് നോക്കിനിന്നു. ഗോളത്തിൽ പതിച്ച അയാളുടെ പ്രതിബിംബത്തെ പഞ്ചവർണ്ണൻ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ക്രമേണ ആ നോട്ടം കൂടുതൽ തീക്ഷ്ണമാവുകയും കണ്ണുകൾ ജ്വലിക്കുകയും ചെയ്യുന്നത് കണ്ടുനിന്നവരെ ഉൽകണ്ഠാകുലരാക്കി. പഞ്ചവർണ്ണന്റെ ദൃഷ്ടിയിൽ നിന്നും വികിരണം ചെയ്ത ഊർജത്തിന്റെ പ്രഭാവത്തിൽ ചെത്തുകാരൻ ചേതന നഷ്ടപ്പെട്ട കണ്ണുകളോടെ പകുതിബോധം നശിച്ച്, ഗോളത്തിലേക്ക് തന്നെ നോക്കിനില്ക്കുമ്പോൾ, വശ്യവും, സ്ഫുടവും എന്നാൽ ദൃഢവുമായ സ്വരത്തിൽ പഞ്ചവർണ്ണൻ അയാളോട് പറഞ്ഞു. "നിങ്ങൾക്കു ജീവിതം നാളെ സന്ധ്യവരെ".

അവിടെക്കൂടി നിന്നവർക്ക് ആദ്യമായുണ്ടായത് അവിശ്വാസം കലർന്ന ആശ്ചര്യമായിരുന്നു. തീർച്ചയായും സംഭവിക്കില്ലാത്ത എന്തോ കേട്ടതായി അവർ നടിച്ചെങ്കിലും അടുത്ത നിമിഷം തങ്ങളുടെ പ്രതിബിംബം ഗോളത്തിൽ പതിക്കാതിരിക്കാൻ അവർ സാവധാനം മുഖം തിരിച്ചു. ജിജ്ഞാസ കെട്ടടങ്ങി, പ്രത്യേകിച്ചൊന്നും പ്രതികരിക്കാനില്ലാതെ അവർ മെല്ലെ പത്രവായനക്കാരന്റെ അടുത്തെത്തി. ആശങ്കയും ഭയവും ചേർന്ന വികാരം മുഖത്തേൽപ്പിച്ച പിരിമുറുക്കം മറക്കാൻ ചെത്തുകാരൻ ശരിക്കും ശ്രമിക്കുന്നുണ്ടായിരുന്നു. പഞ്ചവർണ്ണന്റെ ആകർഷണവലയത്തിൽനിന്നും മുക്തി നേടിയ ഗ്രാമനിവാസികൾ ആദ്യത്തെ പ്രവചനം തള്ളിക്കളഞ്ഞു. നടക്കുവാൻ സാധ്യത തീരെയില്ലാത്ത ബാലിശമായ ഒന്നായി അവർ അതിനെ വിശേഷിപ്പിച്ചു. ചെത്തുകാരനാകട്ടെ പുതുതായി ധൈര്യം കിട്ടിയപോലെ തീർത്തും അതിനോട് യോജിക്കുന്നുവെന്ന് ഉറക്കെപ്പറയുകയും ചെയ്തു. എങ്കിലും അയാളുടെ മനസ്സിൽ ഭയവും ആശങ്കയും അപ്പോഴും പതഞ്ഞുകിടക്കുന്നുണ്ടായിരുന്നു.

പഞ്ചവർണ്ണന്റെ ആവിർഭാവവും ആദ്യത്തെ പ്രവചനവും വളരെ വേഗം ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലെത്തി. ഏതാനും ചില ഗ്രാമനിവാസികൾ ചൂടുള്ള ആ വാർത്ത തങ്ങളുടെ വീട്ടിലും പരിസരങ്ങളിലും അറിയിച്ചു. അവരുടെ സ്ത്രീകൾ മറ്റു സ്ത്രീകൾ വഴി കൂടുതൽ ആൾക്കാരെയും. അങ്ങനെ ഗ്രാമത്തിലെ പ്രധാനവ്യക്തികളും പൊതുജന സമ്പർക്കമുള്ള പലചരക്കു വ്യാപാരി, ക്ഷുരകൻ, ആശാരിമാർ, സ്വർണപണിക്കാരൻ, ഗ്രാമത്തിലെ വേശ്യ എന്നിവരും അറിഞ്ഞു. പഞ്ചവർണ്ണനെക്കുറിച്ചുള്ള വിവരങ്ങൾ കൂടുതലായി അറിയാൻ ആഗ്രഹിച്ചവർ കവലയിലെ ചായക്കടക്കാരൻ, മുറുക്കാൻ കടക്കാരൻ, ബീഡിതെറുപ്പുകാരൻ, പത്രപാരായണക്കാരൻ എന്നിവരെതന്നെയാണ് ആശ്രയിച്ചത്. അങ്ങനെ പഞ്ചവർണ്ണന്റെ വൃത്താന്തം ആധികാരികമായി പ്രചരിപ്പിക്കാൻ പോന്ന ഒരു കേന്ദ്രമായി കവല രൂപാന്തരപ്പെട്ടു. സ്ഥലം സന്ദർശിച്ചിരുന്നില്ലെങ്കിലും തന്റെ പ്രവൃത്തിയുടെ പ്രത്യേകതകളാൽ ഗ്രാമത്തിലെ വേശ്യയ്ക്കും പഞ്ചവർണ്ണന്റെ വിശേഷങ്ങൾ കൃത്യമായി അപ്പപ്പോൾ പറയുവാൻ കഴിയുമായിരുന്നു. ഗ്രാമത്തിലെ എഴുത്താശാൻ കുടിപ്പള്ളിക്കൂടത്തിലെത്തിയ കു

ട്ടികളുടെ ആവേശംപൂണ്ട സംസാരത്തിൽ നിന്നാണ് പുതിയ വാർത്ത ഗ്രഹിച്ചത്. തൊട്ടടുത്തുള്ള ഗ്രാമത്തിലെ വേശ്യയോട് എഴുത്താശാൻ ഇതേക്കുറിച്ചന്വേഷിച്ചു. ശരിയെന്ന മട്ടിൽ തലയാട്ടി പഞ്ചവർണന്റെ കൂടുതൽ വിവരം പറയുവാനായി അവൾ അദ്ദേഹത്തെ അകത്തേക്കു ക്ഷണിച്ചു. വിശേഷം ഗ്രഹിച്ചു കഴിഞ്ഞപ്പോൾ എഴുത്താശന്റെ കീശയിലെ നാണയങ്ങൾ ചോർന്നുപോയിരുന്നു.

ചെത്തുകാരൻ അവിടെനിന്നും നേരെ വീട്ടിലേക്കാണ് പോയത്. തന്നേക്കാൾ വേഗം വാർത്ത ഗ്രാമത്തിൽ പടർന്നതിനാൽ മറ്റുള്ളവരുടെ ഉൽകണ്ഠയോടും, ദയയോടും, ആശങ്കയോടും മറ്റുമുള്ള നോട്ടം അയാൾക്കു നേരിടേണ്ടി വന്നു. തീർച്ചയായും അതയാളെ കൂടുതൽ ക്ഷീണിതനാക്കി. വീട്ടിൽ ഈ വാർത്തയുടെ നടുക്കത്തിൽ നിന്നും മുക്തി നേടിയിട്ടില്ലാത്ത ഭാര്യയുടെ മ്ലാനമായ മുഖമാണ് അയാളെ എതിരേറ്റത്. അതുവരെ അമർത്തിവെച്ചിരുന്ന ആശങ്കയും ഭയവും പുകഞ്ഞ് ലോകത്തോടുള്ള വിദ്വേഷമായി. ലോകം ചുരുങ്ങി തന്റെ ഭാര്യയിലേക്കു കേന്ദ്രീകരിക്കുന്നതയാൾ കണ്ടു. അപ്പോൾ ഉന്മാദത്തിന്റെ ലാഞ്ചനയേറ്റ അയാളുടെ ബലിഷ്ഠങ്ങളായ കരങ്ങൾ അവളെ മർദിച്ചു. അതുകൊണ്ടും കുത്തഴിഞ്ഞ തന്റെ അന്ത:ക്ഷോഭങ്ങൾ കെട്ടടങ്ങാത്തതിനാൽ ഏതാനും കോപ്പ മദ്യത്തിൽ അതലിയിച്ചുകളയാനായി അയാൾ ശ്രമിച്ചു. പരാജിതനായി ക്ഷീണിച്ച് ഉൻമാദം പിടിപെട്ട് അയാൾ വീട്ടിനുള്ളിലേക്ക് ചുരുങ്ങി.

ഇതിനിടെ ജിജ്ഞാസുക്കളായ മറ്റു ഗ്രാമനിവാസികൾ കൂട്ടം ചേർന്ന് പഞ്ചവർണനെക്കാണാൻ പോയി. അന്നേദിവസം സന്ധ്യവരെവന്നപലരിൽ നിന്നും മൂന്നുപേർക്കുകൂടി പഞ്ചവർണൻ ആയുസ്സ് നിശ്ചയിച്ചു കഴിഞ്ഞിരുന്നു. ഗ്രാമത്തിലെ ചെറുകിട മോഷ്ടാവിന് അന്നുമുതൽ രണ്ടു ദിവസവും, സ്വർണ്ണപണിക്കാരന് മൂന്നു ദിവസവും കല്ലാശാരിക്ക് നാലുദിവസവുമാണ് പഞ്ചവർണൻ കല്പിച്ചത്. അന്നത്തെ സന്ധ്യയിൽ നിഴലുകൾ നീണ്ടുവന്നപ്പോൾ ഭീതിയുടെ മുഖഛായ ഗ്രാമനിവാസികൾ കണ്ടു. കാറ്റിന് വേഗം കുറയുകയും തെങ്ങോലകൾ ക്രമേണ നിശ്ചലമാകുകയും ചെയ്തു. രാത്രിയിൽ ചേതനയില്ലാതെ എരിയുന്ന ചെറുനാളങ്ങളോടെ മണ്ണെണ്ണവിളക്കുകൾ ഗ്രാമത്തിൽ പടർന്നിരുന്ന ദു:ഖം വിളിച്ചറിയിച്ചു. അടക്കിപ്പിടിച്ച ശബ്ദങ്ങളും നിശ്വാസങ്ങളും അതിന് ആക്കം കൂട്ടി.

തുടർന്നുവന്ന പ്രഭാതത്തിൽ ജിജ്ഞാസയേക്കാൾ ആശങ്ക പൂണ്ട ഗ്രാമനിവാസികൾ കവലയിൽ ഒത്തുകൂടി. അതുവരെയുള്ള വാർത്തകൾ ചായക്കടക്കാരനിൽ നിന്നും, പത്രവായനക്കാരനിൽ നിന്നും കേട്ടറിഞ്ഞ് ഗൗരവമായ ചർച്ച ആരംഭിച്ചു. അകലെ മരച്ചോട്ടിൽ പഞ്ചവർണൻ ഇരിക്കുന്നത് കാണാമായിരുന്നെങ്കിലും അങ്ങോട്ടു നോക്കാൻ ആർക്കും ഉൾക്കരുത്തുണ്ടായിരുന്നില്ല. പഞ്ചവർണന്റെ പ്രവചനങ്ങൾ നടക്കാത്തതും പൊള്ളയായതുമാണെന്ന് ഒരിക്കൽക്കൂടി അവർ തീരുമാനിച്ചു. തങ്ങളോടൊപ്പമുണ്ടായിരുന്ന ചെത്തുകാരന് ആരോഗ്യത്തിന് യാതൊരു കോട്ടവുമുണ്ടായിട്ടില്ലെന്ന കാര്യം അവർ പ്രത്യേകം സ്മരിച്ചു. അതിനിടെ പഞ്ചവർണൻ മനുഷ്യനാണെന്നും, അല്ലെന്നുമുള്ള വാദഗതികൾ ഉണ്ടായതിനാൽ ദിവസം മുഴുവൻ അയാളെ ശ്രദ്ധിക്കാൻ ഏതാനും പേരെ സംഘം ചുമതലപ്പെടുത്തി. അവർ ദൂരെയും അടുത്തും നിന്ന് പഞ്ചവർണനെ നിരീക്ഷിച്ചുകൊണ്ടിരിക്കും. പഞ്ച

വർണൻ തൊട്ടുത്തുവിട്ട പുതിയ കൊടുങ്കാറ്റ് ഗ്രാമത്തലവനെ അറിയിക്കാനും ഗ്രാമനിവാസികൾ ഒരു സംഘത്തെ നിയമിച്ചു. ഈ സംഘം ഗ്രാമത്തലവനെ സന്ദർശിച്ചെങ്കിലും പ്രത്യേകതെളിവൊന്നുമില്ലാതെ എങ്ങുനിന്നോ വന്നെത്തിയ സാധു പണ്ടാരത്തെ വിരട്ടി ഓട്ടിക്കാനോ ഉപദ്രവമേൽപ്പിക്കാനോ ഗ്രാമത്തലവൻ മടിച്ചു. മാത്രമല്ല ഗ്രാമനിവാസികളുടെ അനിർവചനീയവും അവ്യക്തവുമായ ഏതോ ഭീതിയായി മാത്രമേ പ്രശ്നത്തെ ഗ്രാമത്തലവനു കാണാൻ കഴിഞ്ഞുള്ളൂ. കാത്തിരുന്നു കാണുക എന്ന നയം അദ്ദേഹം സ്വീകരിച്ചു. ഗ്രാമത്തിന്റെ പല ഭാഗങ്ങളിൽ കൂട്ടായും അല്ലാതെയും ഇതേക്കുറിച്ച് ചർച്ചകളും തർക്കങ്ങളും നടന്നുകൊണ്ടിരിക്കുമ്പോഴും പഞ്ചവർണൻ തന്റെ വശ്യമായ പുഞ്ചിരിയും ആകർഷകവും തീക്ഷണവുമായ നോട്ടവുമായി ഗ്രാമനിവാസികളെ ആകർഷിച്ചുപോന്നു. ഒളിച്ചും പതുങ്ങിയും അവർ പഞ്ചവർണനെ കാണുകയും അയാളുടെ ചുണ്ടുകളിൽ വിരിയുന്ന നേർത്ത പുഞ്ചിരിയിൽ മോഹിതരാവുകയും ചെയ്തുകൊണ്ടിരുന്നു. അന്നു സന്ധ്യയായപ്പോഴേക്കും പുതിയ രണ്ടുപേർക്കുകൂടി സ്ഫടികഗോളത്തിലൂടെ തങ്ങളുടെ ജീവിതാവസാനം നിശ്ചയിച്ചു കൊടുത്തിരുന്നു. ഗ്രാമത്തിൽ മുട്ടകച്ചവടം ചെയ്തു ജീവിച്ചു പോന്ന മദ്ധ്യവയസ്സന് അന്നുമുതൽ നാലുദിവസവും ബന്ധുക്കളിൽ നിന്നും വേർപെട്ട് കടത്തിണ്ണകളിൽ ഉറങ്ങുന്ന ചട്ടുകാലൻ വൃദ്ധന് അഞ്ചുദിവസവും.

യഥാർഥത്തിൽ ഗ്രാമം നടുങ്ങിയത് അന്ന് സന്ധ്യയ്ക്കാണ്. ആദ്യമൊക്കെ ഗ്രാമനിവാസികൾക്ക് അത് ശരിക്കും മനസ്സിലായിരുന്നില്ല. ഗ്രാമത്തെ നടുക്കിയത് പതിവിനു വിപരീതമായി കിഴക്കുനിന്നും പടിഞ്ഞാറേക്ക് ഒഴുകിയ കാറ്റാണ്. വേഗത്തിൽ വന്നുകൊണ്ടിരുന്ന കാറ്റിന് മനുഷ്യരക്തത്തിന്റെയും മദ്യത്തിന്റെയും മണമുണ്ടായിരുന്നു. ഗ്രാമത്തിലെ മദ്യഷാപ്പുകാരനും അറവുകാരനുമാണ് ഇതിലെ പന്തികേട് ആദ്യം മനസ്സിലാക്കിയത്. അവർ പുതുതായി കാറ്റുകൊണ്ടുവന്ന ഗന്ധത്തിന്റെ ഉറവിടം അന്വേഷിച്ച് കിഴക്കോട്ട് പാഞ്ഞു. ഗ്രാമത്തിന്റെ കിഴക്കറ്റത്ത് ചെത്തുകാരൻ തെങ്ങിൽനിന്നും തലകറങ്ങി വീണ് മരിച്ചുകിടന്നു. അയാളുടെ കത്തി ശരീരത്തിൽ തുളച്ചുകയറി ശരീരം പിളർന്നിരുന്നു. കള്ള് ശേഖരിക്കുന്ന കുടം കമിഴ്ന്ന് മണ്ണ് നനഞ്ഞിരുന്നു. ഇത് കണ്ട് അവർ ഗ്രാമത്തെ ഉണർത്തി. കവലയിലെ ചായകടക്കാരനും മുറുക്കാൻകടക്കാരനും പത്രവായനക്കാരനും അറിഞ്ഞു. ഗ്രാമത്തിലെ പ്രധാന വ്യക്തികളും, വേശ്യയും അറിഞ്ഞ് ഭയന്നു. ആ രാത്രിയിലെ ഗ്രാമത്തിന്റെ നിദ്ര കാറ്റിൽ ഒഴുകിപോയി. ഇനിയുള്ള നാളിൽ മരണം നിശ്ചയിച്ചു വെച്ചിരുന്നവരുടെ വീട്ടിൽ ദുഃഖത്തിന്റെ തീനാളം കത്തിനിന്നു. അവരുടെ ഉറക്കമില്ലാത്ത രാത്രികൾക്ക് പ്രകാശം പകരാൻ അവയ്ക്ക് സാധിച്ചിലെങ്കിലും മനുഷ്യച്ചോരയുടേയും മദ്യത്തിന്റെ മണമുള്ളകാറ്റിന് അതിനെ നശിപ്പിക്കുവാനും സാധിച്ചില്ല. പഞ്ചവർണനെ സൂക്ഷമമായി ശ്രദ്ധിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്ന രണ്ടുപേർ നടുക്കത്തോടെയാണ് ആ രാത്രി പിന്നിട്ടത്. ഒളിച്ചും പതുങ്ങിയും പഞ്ചവർണന്റെ ശ്രദ്ധയിൽ പെടാതെ അവർ ദൂരെ മാറിനിന്നു. പലരുടെയും മരണം കൃത്യമായി കുറിച്ചുകൊടുത്ത അയാൾ തങ്ങളെ ശ്രദ്ധിക്കാതെ വിട്ടത് നന്ദിപൂർവം അവർ ഓർത്തു. അന്നുമുതൽ ജീവിക്കുവാൻ വീണ്ടും ഒരു ഊഴവും കൂടി ലഭിച്ചതിൽ അവർ പഞ്ചവർണനോട് കടപ്പെട്ടിരുന്നു. അതുകൊണ്ടു തന്നെ പഞ്ചവർണനെ ശ്രദ്ധിക്കുന്ന കാര്യത്തിലും തികഞ്ഞ ഉദാസീനതയാണ് പ്രകടിപ്പിച്ചിരുന്നത്. വലിയ ഒരു തുണിക്കെട്ടു

പോലെ ഇരുളിൽ കാണാമായിരുന്ന പഞ്ചവർണനെക്കുറിച്ച് അവർക്കൊന്നും പഠിക്കുവാൻ ഏതായാലും സാധ്യമായിരുന്നില്ല.

പിറ്റേന്ന് പുലർന്നത് ഗ്രാമം ഒരു എകാധിപതിയായ പട്ടാളമേധാവിയുടെ ഭരണത്തിലായെന്ന മട്ടിലാണ്. ഗ്രാമത്തിന്റെ ഭരണം ഗ്രാമത്തലവനിൽനിന്നും ചോർന്നുപോയതായും പഞ്ചവർണനിൽ വന്നുചേർന്നതായും കവലയിൽ കൂടിയ ഗ്രാമവാസികൾക്കു തോന്നി. പഞ്ചവർണനെ നോക്കുവാനോ അയാളെക്കുറിച്ച് സംസാരിക്കുവാനോ ഭയന്ന ഗ്രാമവാസികൾക്കപ്പോഴും ഉത്കണ്ഠയും ജിജ്ഞാസയും കലർന്ന വികാരം മുമ്പിട്ടുനിന്നു. അന്നു രാത്രിയിൽ ഒരു ഭവനഭേദനം ചെയ്യുന്നതിനിടയിൽ ഗ്രാമത്തിലെ ചെറുകിട മോഷ്ടാവ് കുത്തേറ്റ് മരിച്ചുവീണു. അയാൾ അപ്പോൾ ഒരു പറ്റം വെള്ളി ആഭരണങ്ങൾ മോഷ്ടിക്കുകയായിരുന്നു.

ആ രാത്രിയിലെ കാറ്റിന് മനുഷ്യരക്തത്തിന്റെയും വെള്ളിയുടെയും മണമുണ്ടായിരുന്നു. ഗ്രാമത്തലവൻ ഇതിനു പരിഹാരം കണ്ടുപിടിക്കേണ്ടതാന്ണെന്ന ഏകാഭിപ്രായത്തിലാണ് ഗ്രമനിവാസികൾ അടുത്ത ദിവസമെത്തിയത്. പഞ്ചവർണൻ ഗ്രാമത്തെ കുടുക്കിയിരിക്കുന്ന മാന്ത്രികവലയത്തിൽ നിന്നും തങ്ങളെ രക്ഷിക്കേണ്ട ചുമതല ഗ്രാമത്തലവനാണെന്ന പ്രഖ്യാപനം വന്നു, പിന്നാലെ. ഗ്രാമത്തലവനാകട്ടെ തികഞ്ഞ നിഷ്ക്രിയത്ത്വവുമായാണ് ഇതിനെ നേരിട്ടത്. പഞ്ചവർണനെ നേരിടുന്നതിനുള്ള ഭയമായിരുന്നു അയാൾക്ക്. ഗ്രാമം നേരിടുന്ന ഗുരുതരമായ വൈകാരികപ്രശ്നത്തിൽനിന്നും ഒഴിഞ്ഞുനിന്ന അയാളെ നേർവഴിക്കുകൊണ്ടുവരാൻ നിവാസികൾ മറ്റൊരുപാധി കണ്ടുപിടിച്ചു. പതിവുപോലെ വൈകീട്ട് തന്റെയടുത്തെത്തിയ ഗ്രാമത്തലവനെ സ്ത്രൈണമായ തന്റെ കഴിവുകൾകൊണ്ട് ഗ്രാമത്തിലെ വേശ്യ ബോധവാനാക്കി. പഞ്ചവർണനുമായി ഉടൻ ഏറ്റുമുട്ടുമെന്ന തീരുമാനവുമായി ഗ്രാമത്തിലെ വേശ്യയുടെ വീടിനുള്ളിലേക്ക് വിരമിക്കുമ്പോൾ അന്നത്തെ കാറ്റിന് സ്വർണത്തിന്റെയും സൈനൈഡിന്റേയും മണമുണ്ടെന്ന് അവരും ഗ്രാമവാസികളും ശ്രദ്ധിച്ചു. അത് ഗ്രാമത്തിലെ സ്വർണപ്പണിക്കാരന്റെ മരണം സൂചിപ്പിക്കുന്നതായിരുന്നു.

പഞ്ചവർണനെ നേരിടാൻ തന്നെ ഗ്രാമത്തലവൻ നിശ്ചയിച്ചു. അയാൾ മനുഷ്യനാണോ അല്ലയോ എന്നുള്ള തർക്കം അപ്പൊഴും അവസാനിച്ചിരുന്നില്ല. അയാളുടെ മുഖത്തുനോക്കിയ ആർക്കും അയാളോട് സ്നേഹവും ആദരവും ചേർന്ന വികാരം മാത്രമേ തോന്നിയിരുന്നുള്ളൂ. എങ്കിലും ഗ്രാമത്തിലെ ജീവിതത്തെ അടിച്ചുടച്ച് അതിലെ നിവാസികൾക്ക് വൈകാരികപ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്ന പഞ്ചവർണനെ അവിടെനിന്നും പറഞ്ഞയക്കേണ്ടിയിരിക്കുന്നുവെന്ന് തീരുമാനമായി.

അടുത്ത നാളിൽ ഗ്രാമത്തലവൻ അരോഗദൃഢഗാത്രനായ തന്റെ കിങ്കരന്മാരുമായി ആൽച്ചുവട്ടിലെത്തി. ദൂരെ കവലയിൽ ഒരു സംഘം ഗ്രാമനിവാസികൾ രംഗം നോക്കിനിൽപ്പുണ്ടായിരുന്നു. അവർ പഞ്ചവർണനിലോ സ്ഫടികഗോളത്തിലോ ദൃഷ്ടിപ്പതിപ്പിക്കാതെ നിന്നു വെറുതെ. പത്രവായനക്കാരൻ പത്രം മടക്കി ബഞ്ചിൽ നിക്ഷേപിച്ചു. ബീഡിതെറുപ്പുകാരൻ ഇലയും ചുക്കായും മാറ്റിവച്ചു. ചായക്കടക്കാരൻ ചായപ്പാത്രത്തിന്റെ തീ താഴ്ത്തിവെച്ചു. ഗ്രാമത്തെ തഴുകികൊണ്ടിരുന്ന കാറ്റ് വേഗം കുറഞ്ഞ് ഇല്ലാതായി. ഇലകൾ നിശ്ചലമാകു

കയും പക്ഷികൾ നിശ്ശബ്ദരാകുകയും ചെയ്തു.

ഗ്രാമത്തലവൻ അടുത്തെത്തിയപ്പോൾ പഞ്ചവർണ്ണൻ വശ്യമായി പുഞ്ചിരിച്ചു. നേർത്ത പുഞ്ചിരിയെ കൂസാതെ നിൽക്കുന്ന ഗ്രാമത്തലവന്റെ മുന്നിലേക്ക് അയാൾ സ്ഫടികഗോളം നീക്കിയിട്ട് ഗ്രാമത്തലവന്റെ പ്രതിബിംബം ആവാഹിച്ചെടുക്കുന്ന മട്ടിൽ സൂക്ഷ്മമായി അതിലേക്ക് നോക്കി പഞ്ചവർണ്ണൻ നിശ്ചലമായി നിന്നു. ആ നില കണ്ട് അസ്വസ്ഥനായ ഗ്രാമത്തലവൻ എന്തോ ചീത്ത ശകുനം കണ്ടെന്നപോലെ രോഷാകുലനായി. ആ രോഷാഗ്നിക്ക് പഞ്ചവർണ്ണനെ സ്പർശിക്കാൻപോലും കഴിവില്ലായിരുന്നു. ഇത് ഗ്രാമത്തലവന്റെ കൂടുതൽ രോഷാകുലനാക്കുകയാണ് ചെയ്തത്. പഞ്ചവർണ്ണൻ തന്റെ നേർത്ത ചുണ്ടുകൾ ചലിപ്പിച്ച് നേർത്ത പുഞ്ചിരിയോടെ പറഞ്ഞു. “നിങ്ങൾക്ക് രണ്ട് സൂര്യോദയം കൂടി. മൂന്നാമത്തെതിനുമുമ്പ് നിങ്ങൾ അവസാനിക്കും.” ഗ്രാമത്തലവനെ ധിക്കരിക്കാൻപോന്ന പഞ്ചവർണ്ണനെപിടിച്ചുകെട്ടാൻ അയാൾ കിങ്കരൻമ്മാരോട് ആജ്ഞാപിച്ചു. അവർ മടിച്ചുനിന്നപ്പോൾ ശബ്ദമുയർത്തി ഗ്രാമത്തലവൻ അവരോട് കർശനമായും വ്യക്തമായും ആജ്ഞാപിച്ചു. “ഇയാളെ പിടിച്ചുകെട്ടി ഈ ആൽമരച്ചോട്ടിൽ ജീവനോടെ കുഴിച്ചുമൂടുക.” ക്രൂരമെങ്കിലും ന്യായമായ ശിക്ഷയാണതെന്ന് ഗ്രാമനിവാസികളിൽ കൂടുതൽപേരും കരുതി. തനിക്കു വിധിച്ച ശിക്ഷകേട്ട് പഞ്ചവർണ്ണൻ തന്റെ വശ്യമായ പുഞ്ചിരി പൊഴിച്ചുകൊണ്ടിരുന്നതേയുള്ളൂ. കിങ്കരന്മാർ പിടിച്ചുകെട്ടുന്നവേളയിൽ പഞ്ചവർണ്ണന്റെ കണ്ണുകൾ കൂടുതൽ തേജോമയമായി. സ്ഫടികഗോളം കൂടുതൽ പ്രകാശമാനമായിത്തോന്നി. സ്വമേധയാ കീഴടങ്ങുംപോലെനിന്ന പഞ്ചവർണ്ണനെ കയറാൽ മുറുകെ കെട്ടി അരയാൽച്ചോട്ടിൽ നിക്ഷേപിച്ചു. എന്നിട്ട് കിങ്കരൻമാർ അയാൾക്കുള്ള കുഴിമാടത്തിന്റെ പണി ആരംഭിച്ചു. അന്ന് വൈകുന്നേരം ആയപ്പോൾ വിശാലമായ കുഴിമാടം തയ്യാറായി. ഗ്രാമത്തലവനും ഗ്രാമത്തിലെ പ്രധാന വ്യക്തികളും കുഴിമാടം സന്ദർശിച്ച് തങ്ങളുടെ അംഗീകാരം അറിയിച്ചു. അപ്പോഴും ഗ്രാമത്തെ തഴുകികൊണ്ടിരുന്ന കാറ്റ് ഇല്ലാതായിരുന്നു. ഇലകൾ നിശ്ചലമായിരുന്നു. പക്ഷികൾ നിശബ്ദമായിരുന്നു. സന്ധ്യയായപ്പോൾ കിങ്കരന്മാരൊത്തുചേർന്ന് പഞ്ചവർണ്ണനെ കുഴിയിലേക്കിറക്കി. തുടർന്ന് അയാളുടെ ഭാണ്ഡവും സ്ഫടികഗോളവും. പഞ്ചവർണ്ണൻ അപ്പോഴും തന്റെ വശ്യമായ പുഞ്ചിരി ഗ്രാമനിവാസികൾക്ക് നൽകി. ചുറ്റും നിന്ന എല്ലാരേയും ഒരിക്കൽകൂടി കണ്ണോടിച്ച് അജ്ഞാതമായ ആത്മവിശ്വാസം തുളുമ്പുന്ന മുഖവും കണ്ണുകളോടും കൂടി തനിക്കുവേണ്ടി ഗ്രാമം വിധിച്ച കുഴിയിലേക്കൊതുങ്ങി. അതിനുമുമ്പ് ഇത്രയും പറഞ്ഞു. “ഇനി പേമേരിയും അതിസാരവും.”

അടുത്തുനിന്ന പലരും അത് കേൾക്കുകയുണ്ടായില്ല. കേട്ടവർക്ക് അതിന്റെ പൊരുൾ മനസ്സിലായതുമില്ല. പഞ്ചവർണ്ണന്റ അവസാനത്തെ നോട്ടം ഗ്രാമനിവാസികളെ ഒരു മോഹനിദ്രയിലാഴ്ത്തിയിരുന്നു. കിങ്കരൻമാർ പഞ്ചവർണ്ണനെ അടക്കിയ കുഴി മണ്ണുകൊണ്ട് മൂടി ഗ്രാമത്തെ രക്ഷിക്കുമ്പോഴും നിവാസികൾ മോഹനിദ്രയിലായിരുന്നു. അപ്പോൾ ഗ്രാമത്തിന്റെ മറ്റൊരു ഭാഗത്ത് ഒരു കയറിന്റെ കുരുക്കിൽ മരിച്ച കല്ലാശാരിയിൽനിന്നും കയറിന്റെയും മണ്ണിന്റേയും ഗന്ധമുയർന്നുവെങ്കിലും കാറ്റിന്റെ അഭാവത്തിൽ ഗ്രാമനിവാസികൾക്കെത്തിയില്ല.

അന്ന സന്ധ്യ മുതൽ മഴ തുടങ്ങി. നിർത്താതെ കോരിച്ചൊരിയുന്ന മഴ ആ രാത്രിയും തുടർന്നുള്ള രണ്ടുദിവസവും നീണ്ടുനിന്നു. വെള്ളം പൊങ്ങി ഗ്രാമത്തിന്റെ ഭൂരിഭാഗവും മുട്ടറ്റം വെള്ളമായി. ചായക്കടയിലും മുറുക്കാൻകടയിലും ഇരിക്കാൻ വിഷമമായി. പത്രവായനക്കാരന് തന്റെ വായന കേൾക്കാൻ ആരും വരാതെയായി. പൊങ്ങിയ വെള്ളത്തിൽ മലയിൽനിന്നും കുത്തിയൊലിച്ചുവന്ന വെള്ളം കലർന്നു. അതോടൊപ്പം പിടയ്ക്കുന്നതും ചത്തുമലർന്നതുമായ മത്സ്യങ്ങളും അതിസാരവുമെത്തി. മിക്കവാറും കുട്ടികളെയാണ് ബാധിച്ചത്. പല കുട്ടികളും അതിനു വഴങ്ങി. ചീത്ത മുട്ട തിന്നാവണം മുട്ടക്കച്ചവടക്കാരനും അതിസാരം വന്നു മരിച്ചു. മൃതശരീരങ്ങൾ മറവുചെയ്യാൻ ഗ്രാമനിവാസികൾക്ക് വെള്ളപ്പൊക്കത്തിൽ നിവൃത്തിയില്ലാതായി. അല്പംപോലും വിട്ടുവീഴ്ചയില്ലാത്ത മഴ അടുത്ത പകലും കഴിഞ്ഞ് അതിനടുത്ത രാത്രിയിലേക്ക് കടന്നു.

പിന്നെ പുലർന്നത് പഞ്ചവർണൻ ഗ്രാമത്തിൽ വന്ന് ഏഴ ദിവസം പൂർത്തിയായിക്കഴിഞ്ഞുള്ള പ്രഭാതമാണ്. അന്ന് സൂര്യനുദിക്കുന്നതിന് വളരെ മുമ്പ് മഴ തോർന്നു. മഴവെള്ളം വളരെ വേഗം ഒലിച്ചുപോകാനും തുടങ്ങി. വേഗത്തിലുള്ള ഒഴുക്കിൽപ്പെട്ട് ചട്ടുകാലൻ വൃദ്ധന്റെ മൃതശരീരം എങ്ങോ പൊയ്മറഞ്ഞു.

മഴ തീർന്ന് പൊങ്ങിയ വെള്ളം വാർന്നുപോകുമ്പോൾ അന്തരീക്ഷത്തിന് സന്തോഷത്തിന്റെ ലാളിത്യമുണ്ടായിരുന്നു. ഏതോ ഒരു നീണ്ട ഉറക്കത്തിനുശേഷം അവസാനത്തെ ആലസ്യവും വിട്ടുപോയുണരുന്നതുപോലെ ഗ്രാമമുണർന്നു. ദിവസങ്ങൾക്കുശേഷം അന്ന് ഗ്രാമനിവാസികൾക്ക് മറവിയുടെ ലാഘവം അനുഭവപ്പെട്ടു. അവ്യക്തമായ സന്തോഷം പോലെ ഗ്രാമനിവാസികൾ ഓരോരുത്തരായി പുറത്തേക്കുവന്നു. ചത്തുമലർന്ന മത്സ്യങ്ങളേയും നനഞ്ഞ ചെളിയും ചവുട്ടി പലരും കവലയിലെത്തി. ചായകടക്കാരൻ വീണ്ടും ചായപ്പാത്രം അടുപ്പിൽവെച്ച് തിളപ്പിക്കാനുള്ള ശ്രമമായി. ആൽച്ചുവട്ടിൽ വന്നവർ പഞ്ചവർണന്റെ കുഴിമാടത്തിനടുത്ത് നല്ല വസ്ത്രം ധരിച്ച് കമിഴ്ന്നുകിടക്കുന്ന മനുഷ്യരൂപം ശ്രദ്ധിച്ചു. അവർ അടുത്തുവന്നു നോക്കി. വസ്ത്രത്തിന്റെ പിൻഭാഗം അഴുക്കുപുരളാത്തതായിരുന്നു. മുൻഭാഗമാകട്ടെ ചളിപുരണ്ട് മലിനപ്പെട്ടുമിരുന്നു. തോളിൽ പിടിച്ച് അവരിലൊരാൾ ആ ശരീരം മലർത്തിവെച്ചു. അത് ഗ്രാമത്തലവനായിരുന്നു. മുഖത്ത് സന്തോഷത്തിന്റെ ലക്ഷണമുണ്ടായിരുന്നു. ചുണ്ടിൽ നേരിയ പുഞ്ചിരിയും. മരിക്കുമ്പോൾ അയാൾക്ക് സന്തോഷമായിരുന്നുവെന്ന് വ്യക്തം.

അപ്പോഴേക്കും കവലയിലെ ചായക്കടക്കാരൻ ചായപ്പാത്രം അടുപ്പിൽവെച്ച് തീ പിടിപ്പിച്ചുകഴിഞ്ഞു. തീ ഊതിക്കത്തിച്ച് അതിൽ നിന്നും ബീഡികത്തിച്ചുവലിച്ച് പകുതി പൊളിഞ്ഞ മുൻവാതിൽ തുറക്കാനായി എത്തിയപ്പോൾ ഉദിച്ചുവരുന്ന സൂര്യന്റെ പ്രകാശത്തിൽ ദൂരെ കിഴക്ക് കുന്നുകയറി ഒരാൾരൂപം മെല്ലെ നടന്നകലുന്നത് കണ്ടു. ആൽച്ചോട്ടിൽ കൂടിനിന്നവർക്കും ഇതു കാണാമായിരുന്നു. അത് പഞ്ചവർണൻ ആയിരുന്നു.

# 5

56

കഥയ്ക്കു മുഖവുര ആവശ്യമില്ല എന്നതുകൊണ്ടും, അങ്ങനെ ഒന്നു വേണമെന്ന് എനിക്കു വിശ്വാസമില്ലാത്തതുകൊണ്ടും നമുക്കു നേരെ കഥയിലേക്കുതന്നെ കടക്കാം. അനുസ്യൂതമായി പ്രവഹിക്കുന്നുവെന്നു പറയപ്പെടുന്ന ജീവിതത്തിൽ സംഭവങ്ങൾ ഇല്ലാതായി നിശ്ചലമാകുന്നതിനാ ലോ സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതിനാലോ ആണല്ലോ വിരസതയുണ്ടാകുന്നത്, (സായിപ്പ് ഇതിനെ 'ബോർഡം' എന്നു വിളിക്കുന്നു. കൊളിൻസ്-കോബിൽഡ് നിഘണ്ടുവിന്റെ പുതിയ പതിപ്പിൽ ഇതേക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.) ടി വിരസത അകറ്റുവാൻ കണ്ടുപിടിക്കപ്പെട്ട ജൈവോപാധിയത്രെ അമ്പത്തിയാറ് എന്നറിപ്പെടുന്ന ചീട്ടുകളി. അവചാരിതമായി വീണുകിട്ടിയ അവധിദിനങ്ങൾ തള്ളിനീക്കാനാവാതെ ഞാനും സുഹൃത്തുക്കളും വിരസതയുടെ ആഘാതത്തിൽ പൊട്ടിക്കരഞ്ഞുപോയി. കണ്ണീരിൽക്കുതിർന്ന വസ്ത്രങ്ങൾ പിഴിഞ്ഞുണക്കി വീണ്ടു മുടുത്തപ്പോഴാണ് അമ്പത്തിയാറിനെക്കുറിച്ച് ബോധമുണ്ടായതും ഉടൻ പട്ടണത്തിൽ പോയി രണ്ടു കുത്തു ചീട്ടു വാങ്ങിവന്നതും. കൂടുതൽ നാളുപകരിക്കട്ടെ എന്നു കരുതി പ്ലാസ്റ്റിക് ചീട്ടുകളാണ് വാങ്ങിയത് (പ്ലാസ്റ്റിക്കിന് കഥയിൽ പ്രത്യേക സ്ഥാനമുള്ളതിനാലാണ് എടുത്തു പറയുന്നത്.)

കഥയ്ക്കു നിദാനമായ സംഭവങ്ങൾ വളരെപ്പെട്ടെന്നു നടക്കുന്നതാകയാൽ അവയുടെ സംക്ഷിപ്ത രൂപം മാത്രമേ ഇവിടെ ചേർക്കാൻ സാധിക്കൂ. ഉദാഹരണത്തിന് ചീട്ടുകളിയുടെ ഉദ്ഭവത്തെക്കുറിച്ചോ സമൂഹത്തിൽ അതിനുള്ള പ്രസക്തിയെക്കുറിച്ചോ അറിയണമെന്നുള്ളവർ മറ്റു റഫറൻസ്ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണ്.

ക്രമമായി വിളി, മറുവിളി, മുറവിളി എന്നിങ്ങനെ ഞങ്ങളുടെചീട്ടുകളി പുരോഗമിച്ചുകൊണ്ടിരിക്കവേയാണ് ബിയറല്ലാതെ മറ്റേതു ദ്രാവകം കഴിച്ചാലും വയറിന് അസുഖം വരുന്ന സുഹൃത്ത് ഒരു സുപ്രധാന കണ്ടുപിടിത്തം നടത്തിയത്. സുഖദായകമായ രണ്ട് ഏമ്പക്കത്തിനിടയിൽ ലഭിച്ച ഇടവേള ഉപയോഗിച്ച് സുഹൃത്തു പറഞ്ഞു: ക്ളാവറിലെ ഒരു ജാക്കും ആഡുതന്റെ ഒരു റാണിയും എപ്പോഴും ഒന്നിച്ച് ഒരു കൈയിൽ തന്നെവരുന്നുവെന്ന്.

ഒഴിഞ്ഞ ബ്ളാക്ക് ലേബലുകളുടെയും റെഡ് ലേബലുകളുടെയും മദ്ധ്യ മറ്റു സുഹൃത്തുക്കൾ തുടർച്ചയായി ഒത്തുവരുന്ന ആഡുതൻ റാണിയെയും ക്ളാവർ ജാക്കിനെയും കണ്ടുപിടിച്ചു, മഹാനായ ഷേക്സ്പിയർ രൂപകല്പന ചെയ്ത ഒഥല്ലോ – ഡസ്ഡമോണമാരുടേതു പോലൊരു പ്രേമനാടകമാണത് എന്നുമനസ്സിലാക്കാൻ ആർക്കാണു സാധിക്കാത്തത്? (ഷേക്സ്പിയറെ കേട്ടിട്ടില്ലാത്തവർ ശ്രീമാന്മാർ കോളറിഡ്ജ്, ബ്രാഡ്ലി എന്നീ വിമർശകത്തൊഴിലാളികളുടെ മാനിഫെസ്റ്റോ വായിക്കുക.) ഒരു സ്ത്രീയും പുരുഷനും ആവശ്യത്തിലധികം സമയം ഒപ്പമിരിക്കുകയോ, സംസാരിച്ചു രസിക്കുകയോ ചെയ്താൽ സദാചാര ബോധമുള്ള നമ്മുടെ സമൂഹം അസൂയകൊണ്ട് വീർപ്പുമുട്ടുന്നത് നാം കാണുന്നതാണല്ലോ. നമ്മുടെ സ്ക്കൂളുകളിലെ താഴ്ന്ന ക്ളാസ്സിൽപ്പോലും ആൺകുട്ടികളും പെൺകുട്ടികളും ഒപ്പമിരിക്കുകയോ സംസാരിച്ചു രസിക്കുകയോ ചെയ്ത പതിവില്ലെന്ന് ഇംഗ്ലീഷ് മീഡിയം സെൻട്രൽ സ്ക്കൂൾ സിലബസ്സിൽ നാലാം ക്ലാസ്സ് വിദ്യാർത്ഥിയായ അനന്തിരവൻ അരവിന്ദ്നായർ (ഒരു പേരിലെന്തിരിക്കുന്നു — അതുകൊണ്ട് ഇയാളെ ഇനിമുതൽ ശങ്കുവെന്നു വിളിക്കാം.) എന്ന ശങ്കു എന്നോടുപറയുകയുണ്ടായി. ഇപ്രകാരമുള്ള പെരുമാറ്റം കുട്ടികളിൽപോലും "ലവ് " ആയി പരിഗണിക്കപ്പെടുമെന്നിരിക്കെ ഇവരുടെ ഈ പ്രവൃത്തി എങ്ങനെ ക്ഷന്തവ്യമാകും? ഏതെല്ലാം രീതിയിൽ ചീട്ടുകൾ വിതരണം ചെയ്താലും ഈ രണ്ട് ചീട്ടുകൾ ഒത്ത് ഒരു കൈയിത്തന്നെ എത്തുന്നു മാത്രമോ, പടക്കളത്തിലിറങ്ങി തിരിച്ചും മറിച്ചും മറ്റുള്ളവയെ വെട്ടിമുറിക്കുന്ന ക്ളാവർ ഗുലാനെ നോക്കി ഊറ്റംകൊള്ളുന്ന ആടുതൻ റാണിയെ ഒന്നു കാണേണ്ടതു തന്നെയാണ്. കുരുക്ഷേത്രത്തിലെ അർജ്ജുനന്റെ വീരകഥകൾ കേട്ടിരിക്കുന്ന കൃഷ്ണയെപ്പോലെ. വനവാസത്തിനായി കുമരകത്തും തിരുവനന്തപുരത്തും വരുന്ന സൈബീരിയൻ കാക്കകൾ (അവ കാക്കയോ കൊക്കോ എന്നറിയില്ല, ശങ്കുവിന്റെ ടീച്ചർക്കും അറിയില്ലത്രേ.) മുട്ടിയുരുമ്മിയിരിക്കുന്നതുപോലെയാണ് ഈ കമിതാക്കൾ കഴിഞ്ഞിരുന്നത്.

സത്യം പറഞ്ഞാൽ ഞങ്ങൾക്ക് ഇതൊന്നും വലിയ പ്രശ്നമായിരുന്നില്ല. ആദ്യമൊക്കെ. മറ്റുള്ളവരുടെ പ്രണയത്തിലിടപെടാൻ എവിടെ സമയം? ഞങ്ങളുടെ സ്വഭാവം അങ്ങനെയാണ്. പിന്നെ പണ്ടുമുതൽക്കുള്ള സ്വഭാവം മാറുമോ? (ഉദാഹരണത്തിന് കാഞ്ഞിരക്കുരുവിന്റെ കഥതന്നെ.) പക്ഷേ, വളരെ പ്രധാനമുള്ള സംഭവമാണ് പിന്നീടുണ്ടായത്. ഞങ്ങൾ കളിച്ചുകൊണ്ടിരുന്ന രണ്ടുകുത്തു ചീട്ടിൽ ഒരു അധികച്ചീട്ടു പിറന്നു. സത്യത്തിൽ ഏതു ചീട്ടാണ് അധികമെന്നു കണ്ടുപിടിക്കാനാവാതെ ഞങ്ങൾ കുഴങ്ങി. കറുപ്പും ചുവപ്പും ലേബലുകൾക്കു വെളിയിൽ വന്ന് പലയാവർത്തി ചീട്ടുകൾ പരിശോധിച്ചു: ചിലപ്പോൾ ആഡുതൻ ഒന്നധികം, ചിലപ്പോൾ ക്ളാവർ ഇഷ്ടാനുസരണം ആഡുതനോ ക്ളാവറോ ആയി മാറാൻ കഴിവുള്ള ഒരു ചീട്ടാണ് അധികമായി വന്നിരിക്കുന്നതെന്ന് അങ്ങനെ ഞങ്ങൾ കണ്ടുപിടിച്ചു. ആഡുതന്റെയും ക്ളാവറിന്റെയും ഓരോ ചീട്ടായെടുത്ത് വിവിധ പരീക്ഷണങ്ങൾ നടത്തി അധികച്ചീട്ട് ഏതെന്നു കണ്ടുപിടിക്കാനുള്ള ശ്രമമാരംഭിച്ചപ്പോൾ ക്ളാവർ ജാക്കിന്റെ മുഖത്തു പടർന്ന വിഷാദയോഗമകറ്റാൻ ആഡുതൻ റാണിയുടെ പരിശ്രമങ്ങളും, പത്രാസുകളും ഗീതാക്ലാസ്സും പരാജയപ്പെട്ടു.

വേഷം മാറിവരാൻ കഴിവുള്ള ഒരധികച്ചീട്ട് വന്നുപെട്ടാലത്തെ കഥ മാന്യവായനക്കാർക്ക്

മനസ്സിലാകുമല്ലോ. ഇത് ഞങ്ങളുടെ നിരന്തരമായ ചീട്ടുകളിയെ താറുമാറാക്കി. ചീട്ടുവിതരണം ചെയ്തുകഴിഞ്ഞാൽ ഏതെങ്കിലുമൊന്ന് അധികം. ഇനി ആഡുതൻ ഒമ്പതു മേശമേലിടുമ്പോൾ അതു ക്ളാവർ പത്താവും. ചിലപ്പോൾ മറിച്ച്. (ഇങ്ങനെയൊരു ഗതികേട് നിങ്ങൾക്കാർക്കും ഉണ്ടാവാതിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു, സ്വാമി ശരണം.)

തുടർന്നുണ്ടായ പ്രശ്നങ്ങൾ ഭാവനയുള്ള വായനക്കാർ ആലോചിച്ചു കൊള്ളുക. കള്ളക്കളി, മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കൽ, ഇനിയുമുണ്ടായിട്ടും തുറുപ്പുകൊണ്ടു വെട്ടൽ, ഗൂഢാലോചന തുടങ്ങിയ ദുരുദ്ധേശപ്രവൃത്തികൾ പരസ്പരം ആരോപിക്കപ്പെട്ടു. ബ്ളാക്കും റെഡ്ഡും ലേബലുകളിൽ കണ്ണു കലങ്ങിപ്പോയവർക്ക് ആഡുതൻ റാണിയും ക്ളാവർ ജാക്കും തമ്മിലുള്ള രഹസ്യവേഴ്ചകളുടെ പൊരുളറിയാൻ കഴിയാതെ പരസ്പരം മല്ലിട്ടു തല്ലിച്ചത്തു.

അനുബന്ധം:

കഥയ്ക്കു ഗുണപാഠം കൂടിയേതീരൂ എന്ന് എന്റെ മാന്യസുഹൃത്തും മറുനാടൻ മലയാളിയുമായ ഈസോപ്പ് പറഞ്ഞതനുസരിച്ചത്രേ ഇതു ചേർക്കുന്നത്. ഈ കഥയുടെ ഗുണപാഠങ്ങൾ താഴെപ്പറയുന്നു.

1. ജാക്ക് എന്ന ആംഗലപദത്തിനർത്ഥം ജാരൻ എന്നാണ്. നല്ല കുടുംബാസൂത്രണ ഉപാധികൾ ഉപയോഗിച്ചില്ലെങ്കിൽ ജാരസംസർഗ്ഗംമൂലം ജാരസന്തതികളുണ്ടാകും. ഇവർ സമൂഹത്തിന് ചെയ്യുന്ന ദ്രോഹം ചില്ലറയല്ല.
2. പുരാണങ്ങളും ഭാരതത്തിലെ പഴയരാജാക്കന്മാരുടെ കഥകളും പരിശോധിച്ചാൽ റാണിമാർ ജാരന്മാരുമായി ബന്ധപ്പെട്ടിരുന്ന നിരവധി ദൃഷ്ടാന്തങ്ങൾ കാണാം. ഇതിനെതിരായി നാമോരോരുത്തരും ജാഗ്രത പുലർത്തേണ്ടതുണ്ട്.
3. ചീട്ടുകളിയിൽ ഇങ്ങനെ സംഭവിച്ചാൽ അതു നശിപ്പിക്കുകയേ നിവൃത്തിയുള്ളൂ. അതിനാൽ ആരും പ്ലാസ്റ്റിക് ചീട്ടുകൾ വാങ്ങരുത്.

.

# 6

## ഒരുവൾ രക്തസാക്ഷിയാവുന്നതെങ്ങനെ?

പണ്ടൊരിക്കൽ നടന്നതാണ് ഇത്. പണ്ടെന്നു വച്ചാൽ വളരെ പണ്ടൊന്നുമല്ല, ഉപഭോക്തൃ സംസ്കാരം ജീവിതരീതിയിൽ അശ്ലീലച്ചുവ പരത്തുകയും സമൂലമായ മാറ്റങ്ങളിലൂടെ അതിനെ ഏറെക്കുറെ തച്ചുടയ്ക്കുകയും ചെയ്യുതിനു മുമ്പുള്ള കാലമെന്നു മാത്രമേ അർത്ഥമാക്കുന്നുള്ളൂ. ഇപ്പോഴാണെങ്കിൽ ഞാൻ എനിക്കുവേണ്ടിയും നിങ്ങൾ നിങ്ങൾക്കുവേണ്ടിയും ജീവിക്കുന്ന കാലം. മനുഷ്യൻ പ്രകൃതിയിൽ നിന്നുമകന്നുവെന്നും പ്രകൃതിയിലെ വിഭവങ്ങളെ ചൂഷണം ചെയ്യുന്ന ഒരു കുത്തക ബൂർഷ്വാ ചൂഷക സംസ്കാരം അവനെ പിടിപെട്ടിരിക്കുന്നുവെന്നും പ്രകൃതിസ്നേഹികൾ വിലപിക്കുന്നുവല്ലോ. ഒന്നാലോചിച്ചാൽ ഇങ്ങനെയല്ലാതെന്തു ചെയ്യും? ആയിരമോ രണ്ടായിരമോ ശമ്പളം പറ്റുന്ന സാധാരണക്കാരന് എന്തു പ്രകൃതി? രാവിലെ പല്ലുതേയ്ക്കാൻ പേസ്റ്റു മുതൽ ബ്രായും പാന്റീസും വരെ പ്രകൃതിവിഭവങ്ങളായി കിട്ടുമോ? സംസ്കാരം പോയ പോക്കിൽ മനുഷ്യനെ ഒന്നടങ്കം ആക്ഷേപിച്ചിട്ടു കാര്യമില്ലതന്നെ. പക്ഷെ മനുഷ്യന്റെ ഈ മൂല്യത്തകർച്ച നമ്മെ ചുറ്റിപ്പറ്റിക്കഴിയുന്ന എല്ലാ ജീവജാലങ്ങളിലും പ്രതിഫലിക്കുമെന്ന് എത്രപേർ ചിന്തിച്ചിട്ടുണ്ട്? മനുഷ്യൻ നശിച്ചാൽ ലോകം നശിക്കുമെന്നിരിക്കെ മൃഗങ്ങൾക്കിടയിലും ബോധവൽക്കരണമുണ്ടാവുകയും ഏറെക്കുറെ കുണ്ഠിതത്തോടെ അവരും പ്രശ്നം കൈകാര്യം ചെയ്യുകയുമായാൽ അതിലെന്തത്ഭുതം?

പരിസ്ഥിതി സംരക്ഷണസമിതിയുടെ കൂറ്റൻ പൊതുസമ്മേളനം നടക്കവേയാണ് മൈതാനത്തുള്ള കപ്പക്കാട്ടിൽ കട്ടും മോഷ്ടിച്ചും ഭക്ഷ്യവിഭവങ്ങൾ പൂഴ്ത്തിവച്ചും ജീവിച്ചിരുന്ന ഒരു സാധാരണക്കാരൻ എലിക്ക് ബോധവൽക്കരണമുണ്ടായത്. എന്ത്? പ്രകൃതിവിഭവങ്ങളെ നിർലജ്ജം ചൂഷണം ചെയ്യുന്ന മനുഷ്യൻ ലോകം മുടിക്കുമെന്നോ? മരംവെട്ടും കീടനാശിനികളും ഫാക്ടറിയും ഒക്കെ പ്രകൃതിയുടെ സന്തതികളായ പ്രാണിമൃഗാദികളെ നശിപ്പിക്കുമെന്നോ? വിവിധതരം ജന്തുക്കൾക്കിടയിൽ നില്ക്കുന്ന ഇക്കോളജിക്കൽ ബാലൻസ് എന്താണെന്ന് എലിക്കു മനസ്സിലായില്ല. പക്ഷേ സാരമല്ല. മനസ്സിലായ കാര്യങ്ങൾതന്നെ നടുക്കാൻ പോന്നവയായിരുന്നു. ഓരോ ജീവജാലവും മറ്റൊന്നിൽ ആശ്രയി

ച്ചിരിക്കുന്നു. ആഹാരത്തിനും, സ്വജീവിതത്തിനും, ചെറുപ്രാണികളെ തങ്ങൾ തിന്നുന്ന തുപോലെ ന്യായീകരിക്കാവുന്നത്രെ പൂച്ച, പരുന്ത് മുതലായ ഉയർന്ന ജന്തുക്കൾ തങ്ങളെ ഭക്ഷിക്കുന്നതും. ഈ വിജ്ഞാനം എലിയിൽ ഞെട്ടലോ ഭയമോ ഉളവാക്കിയില്ല. മറിച്ച് അവന്റെയുള്ളിൽ കുളിർമ്മയുടെ തണൽ പരന്നു, ആ ശീതളച്ഛായയിൽ കുത്തിയിരുന്നു ചിന്തിച്ചു ചിന്തിച്ച് ലോകത്തിന്റെ കടിഞ്ഞാണില്ലാത്ത പോക്കോർത്ത് വ്യാകുലപ്പെട്ടും, ഇക്കോളജിക്കൽബാലൻസിന്റെ നഷ്ടമോർത്ത് കണ്ണീർ വാർത്തും ആ എലി ഏറെനേ രമിരുന്നു. പിന്നീട് തന്റെ മാളത്തിൽ തിരിച്ചെത്തി തിരിഞ്ഞും മറിഞ്ഞും, ഏറെനേരം കിടന്നും, പ്രിയതമയോടു രമിക്കാതെ അകന്നുകിടന്നും, കുഞ്ഞുങ്ങളെ തലോടാതെതിരി ഞ്ഞു കിടന്നും,നിരാശാബോധത്തിന്റെ കയങ്ങളിൽ ആണ്ടും പൊങ്ങിയും താണും നേരം വെളിപ്പിച്ചു.

ദൂരെ കപ്പക്കാടുകൾക്കിടയിടയിലാകാശത്തിനു നിറംവച്ചു തുടങ്ങുമ്പോഴേക്കും ദുഃഖാർത്ത നായ എലി പുറത്തുകടന്നുകഴിഞ്ഞു. അന്നാദ്യമായി അതിനു സ്വന്തം അസ്തിത്വത്തിൽ തീവ്രമായ ദുഃഖമുണ്ടായി. ഈ ദുഃഖം അറിവായിരുന്നു.

വരുന്ന പഞ്ഞമാസങ്ങൾ തരണം ചെയ്യാൻ ശേഖരിച്ചുവച്ചിരുന്ന കപ്പത്തുണ്ടുകളും ആഞ്ഞി ലിക്കുരു, ചക്കക്കുരു മുതലായവയും യഥാസ്ഥാനത്തുണ്ടെന്ന് ഉറപ്പു വരുത്തിയാണ് ഭാ ര്യയേയും കുട്ടികളേയും ഉണർത്താതെ എലി മെല്ലെ പുറത്തുകടന്നത്. പഞ്ഞമാസങ്ങ ൾക്കായി പണ്ടു ശേഖരിച്ചിരുന്ന നെല്ലും നിലക്കടലയും മറ്റും ഇന്നെവിടെ? ദൂരെ തരിശു കിടക്കുന്ന നെൽപ്പാടങ്ങളും പയറുവിതയ്ക്കാതെ വന്ധ്യമായി കിടക്കുന്ന കണ്ടങ്ങളും നോ ക്കി എലി നെടുവീർപ്പിട്ടു. കീടനാശിനികൾ കൊണ്ടും കാലാവസ്ഥാമാറ്റങ്ങൾകൊണ്ടും ചെറുപ്രാണികൾ നശിച്ചപ്പോൾ വലിയവ പട്ടിണികിടന്നു ചത്തു. അവയും പോയപ്പോൾ ഇക്കോളജിയുടെ ഇംബാലൻസ് മൂലം കൃഷിയും നശിച്ചുവത്രെ. ലോകത്തിനുവേണ്ടിയുള്ള ഈ ദുഃഖം തളർത്തിയ ശരീരവുമായി എലി ഇറങ്ങിനടന്നു. ജൈവശാസ്ത്രത്തിലുള്ള പുതിയ വിപ്ലവം തുടങ്ങിവയ്ക്കാനും മൃഗങ്ങളെ പ്രകൃതിയിലേക്കു തിരിച്ചുവരുത്താനുമുള്ള സിംബോളി ക് യത്നമാണ് എലി പ്ലാൻ ചെയ്തത്.

അങ്ങനെ മൃഗങ്ങളെ തിരിച്ചുകൊണ്ടുവരാനും പരിസ്ഥിതി സംരക്ഷിക്കുവാനുമായി ആത്മ ത്യാഗത്തിന്റെ മാർഗ്ഗം തന്റെ മുന്നിൽ തെളിഞ്ഞപ്പോൾ അസ്തിത്വത്തിന്റെ ദുഃഖത്തിൽ തക ർന്നുകഴിഞ്ഞിരുന്ന എലിക്ക് തന്റെ അന്യവൽക്കരണം ലാഘവപ്പെടുന്നത് അനുഭവപ്പെ ട്ടു. ജനിതമായ സ്വഭാവം ഉപേക്ഷിച്ച് പട്ടാപ്പകൽ മൈതാനമദ്ധ്യ നടന്നു പുൽത്തകിടി ക്കുമപ്പുറം സ്ഥിതി ചെയ്യുന്ന മാളികവീടിന്റെ വടക്കേപ്പുറത്തെത്തി, വരാന്തയിൽ ഉലാത്തു ന്ന പൂച്ചയെ എലി മുഖം കാണിച്ചു.

ആജന്മശത്രുക്കളായ രണ്ടുപേർ തമ്മിലുള്ള കൂടിക്കാഴ്ച എത്രയും ഉദ്വോഗപൂർണ്ണമാവുമെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. തികച്ചും ഒരു മൊമന്റ് ഓഫ് ക്രൈസിസ് ആവേണ്ട എല്ലാ സാദ്ധ്യതകളും ഉണ്ടായിരുന്നിട്ടും തന്റെ വലത്തേ കയ്യാൽ മീശ തടവി താല്പര്യലേശമില്ലാ തെ 'എന്തെടേയ് ഇവിടെ?' എന്ന മട്ടിൽ എലിയെ നോക്കുകമാത്രമേ പൂച്ച ചെയ്തുള്ളൂ. കഠി നമായ ആന്റി ക്ലൈമാക്സിന്റെ യാതനയോടെ എലി പറഞ്ഞു:

"ഭവാൻ, ചരിത്രാതീതകാലംമുതൽ എലി പൂച്ചയുടെ ഭക്ഷണമാകുന്നു. മനുഷ്യന്റെ അനിയന്ത്രിതമായ വളർച്ചയും ദൂഷിത സ്വഭാവവും സംസ്കാരവും നിമിത്തം നമ്മുടെ ഈ ബന്ധം എന്നോ നശിച്ചുപോയിരിക്കുന്നു. അതിനാൽ ഭവാൻ പ്രകൃതിയെ തിരികെ കൊണ്ടുവരുവാനായി ഈയുള്ളവനെ ഭക്ഷണമായി സ്വീകരിച്ചാലും..."

ഇവിടെ എലി തികച്ചും നാടകീയമായി തന്റെ മാർജ്ജാരശത്രുവിനു മുമ്പിൽ പ്രണാമം ചെയ്തുവെങ്കിലും പൂച്ചയ്ക്കു പ്രീതിയായില്ല.

"പാലും ബിരിയാനിയും വറുത്ത മീനും ജിഞ്ചർ ചിക്കനും കഴിക്കുന്ന എനിക്കെന്തിനെടേയ് നിന്റെ പച്ചമാംസം? അഴുക്കും രോമവും നിറഞ്ഞ നിന്നെക്കാണുന്നതേ എനിക്ക് അറപ്പാണ്. മാത്രമോ, പച്ചച്ചോര എനിക്ക് വല്ല ദഹനക്കേടോ വയറിളക്കമോ ഉണ്ടാക്കിയാലോ? ഇവിടെവൃത്തിയുള്ള പാത്രത്തിൽ ഭക്ഷണം കഴിക്കുന്ന എനിക്കിനി നിന്നെപ്പിടിക്കാനും കൊല്ലാനും ഒന്നും വയ്യടേയ്. നീ മറ്റുവല്ലയിടവും പോ. എനിക്ക് കൊച്ചമ്മയോടൊത്ത് കാറിൽ മാർക്കറ്റിൽ പോകാൻ സമയമായി..."

തികച്ചും ഭൗതികമായ പരിഗണനകൾ മാത്രമുള്ള ഒരു മുതലാളിത്ത സംസ്കാരത്തിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച മാത്രമല്ല എലി ഇതിൽ കണ്ടത്. വലിയ വീട്ടിലെ പൂച്ചകൾക്കുണ്ടാകുന്ന സെൻസിബിലിറ്റിയുടെ പ്രശ്നവും കൂടിയാണ്. തങ്ങളെക്കാൾ താഴ്ന്നവരോടുള്ള പുച്ഛം കലർന്ന സഹാനുഭൂതി ഈ പ്രതികരണത്തിലൊളിഞ്ഞുകിടക്കുന്നത് എലിയെ നിസ്സഹായനാക്കി. അത് അവിടെനിന്നും ആട്ടിപ്പായിച്ചതിൽ മനംനൊന്ത് പുറത്തേക്കിറങ്ങി നടന്നു.

പ്രത്യേകിച്ചു ലക്ഷ്യമില്ലാതെ നടക്കുമ്പോഴാണ് കള്ളുഷാപ്പിനരികിലെ അന്തോണിച്ചന്റെ പുരയിൽ നിന്നും ഓടിവരുന്ന കണ്ടൻ പൂച്ചയുടെ മുന്നിൽപ്പെട്ടത്. എലി ഒരു പുതിയ സുഹൃത്തിനെക്കണ്ട ഉത്സാഹത്തോടെ പൂച്ചയെപിടിച്ചുനിർത്തി ലോകത്തിന്റെ പരിസ്ഥിതി സംരക്ഷികേണ്ടതിലേക്കായി തന്നെ ഭക്ഷിക്കുവാൻ വിനയപുരസ്സരം അപേക്ഷിച്ചു. തന്റെ വായിലിരുന്ന ഉണക്കപ്പരവ താഴെ വച്ച് മുൻകാലുകൊണ്ടമർത്തിപ്പിടിച്ച് തികച്ചും ദയനീയമായി കണ്ടൻപൂച്ച പറഞ്ഞു:

"എന്റെ പൊന്നെലിക്കുട്ടാ, ഈ പാവത്തിനെ വിട്. ഞാൻ വല്ല ഉണക്കമീനും പഴഞ്ചോറുമടിച്ചു ജീവിച്ചോളാം. ചേറും ചോരേം എന്റെ ദേഹത്തിനു പിടിക്കുല്ല. അന്തോണീടെ പെണ്ണുമ്പിള്ള മറിയച്ചേട്ടത്തി കണ്ടുപിടിക്കും മുമ്പ് ഞാൻ ഈ പരവ വീട്ടിലെത്തിക്കട്ടേ. പൊന്നുകുട്ടൻ പോ..."

ഇതും പറഞ്ഞ് പോകുംമുമ്പ് അനുനയത്രുപേണ മുൻകൈകൊണ്ട് പൂച്ച മാർദ്ദവമായൊന്നു തലോടിയത് എലിയുടെ ഉള്ളു നീറ്റി. ഈ പ്രോലിറ്റേറിയൻ ടിറണി ലോകത്തിനെ നാശത്തിലേക്ക് കൂടുതൽ വേഗത്തിൽ അടുപ്പിക്കുമെന്ന് ഒരു മന്ത്രമെന്നോണം എലി മനസ്സിൽ പറഞ്ഞു. തന്നെ സന്തോഷത്തോടെ ഭക്ഷിക്കാനീ നാട്ടിൽ ഒരു പൂച്ചപോലുമില്ലെന്നത് അതിനെ അധൈര്യപ്പെടുത്തുകയും ലോകത്തിന്റെ നിലനില്പിനായി താൻ തയ്യാറാക്കിയ തന്റെ രക്തസാക്ഷിത്വത്തിനുള്ള പദ്ധതി തകർന്നതിൽ പൊട്ടിക്കരഞ്ഞുംകൊണ്ട് ലക്ഷ്യ

വും മാർഗ്ഗവുമില്ലാതെ എലി എത്രദൂരം നടന്നുവെന്നറിയില്ല. പരിസരബോധം വന്നപ്പോൾ താനെത്തിയിരിക്കുന്നത് ഒരമ്പലപറമ്പിലാണെന്ന് അതിനു മനസ്സിലായി. അവിടെ അങ്ങുമിങ്ങും നടക്കവേ ഭജനപ്പുര ശ്രദ്ധയിൽപ്പെട്ടു. വെറും ഒരു കൗതുകം എന്നതിൽക്കവിഞ്ഞ് ഒന്നുമുണ്ടായിട്ടല്ല എലി അങ്ങോട്ടുപോയത്.

ഒഴിഞ്ഞുകിടന്ന ഭജനപ്പുരയുടെ തെക്കുകിഴക്കേ മൂലയിൽ വിരിച്ചിരുന്ന മഞ്ഞപ്പട്ടിൽ ഇരിക്കുന്ന പൂച്ചയെക്കണ്ട മാത്രയിൽ തന്റെ തകർന്ന സ്വപ്നങ്ങൾ ഒരിക്കൽക്കൂടി ഉണർന്നുവരുന്നത് എലി അറിഞ്ഞു. 'എന്റെ ദൈവങ്ങളെ ഇത്തവണ എന്നെ കൈവെടിയരുതേ' എന്ന് ഏകാഗ്രമായി പ്രാർത്ഥിച്ചും, പരാജയഭീതിയുടെ ജാള്യത മുഖത്തു കാണാതിരിക്കാൻ ശ്രമിച്ചും എലി വീണ്ടുമൊരുദ്യമത്തിനായി പൂച്ചയെ സമീപിച്ചു. തികച്ചും വസ്തുനിഷ്ഠമായി തന്റെ ദർശനത്തിന്റെ ഏകദേശരൂപം നല്കി, തനിക്ക് ഇച്ഛാഭംഗം വരുത്തരുതെന്നപേക്ഷിച്ച്, ന്യായമായും ഒരു പൂച്ചയുടെ ഭക്ഷണമായ തന്നെ ഭക്ഷിച്ച് തനിക്ക് ലക്ഷ്യപ്രാപ്തി നല്കണമെന്ന് എലി ഭജനപ്പുരയിലിരുന്ന പൂച്ചയോട് യാചിച്ചു.

ധ്യാനത്തിലിരുന്ന പൂച്ചയുടെ മുന്നിൽ ഇപ്രകാരം പറഞ്ഞുനിർത്തിയ എലിക്ക് അടുത്ത ഏതാനും നിമിഷങ്ങൾ ഒരു ഘോര സസ്പെൻസ് ആയിരുന്നു. തന്റെ ഹൃദയത്തിന്റെ താളം ക്രമാതീതമായി വർദ്ധിക്കുന്നതും സിരകളിലൂടെ തിളച്ചുകയറുന്ന രക്തപ്രവാഹവും എലി അറിഞ്ഞു. എങ്കിലും പാതിയടഞ്ഞ കണ്ണുകളോടെ തന്റെ മേൽചാടിവീഴുന്ന പൂച്ചയെ കാത്തുനിന്ന എലിക്ക് ഒരിക്കൽക്കൂടി തെറ്റുപറ്റി.

പൂച്ച പറഞ്ഞത് ഏതാണ്ടിപ്രകാരമാണ്. താനൊരു സന്യാസിപൂച്ചയാണെന്നും, ഹിംസ ചെയ്യരുതാത്ത പാപമാണെന്നും, മാംസാഹാരം തനിക്ക് വർജ്ജ്യമാണെന്നും, പാലും പഴവും കഴിച്ച് ദൈവനാമവുമുരുവിട്ട് ഭജനമിരിക്കുന്നതാണ് തന്റെ നിയോഗമെന്നും, അങ്ങനെ...അങ്ങനെ...ലൗകികസുഖങ്ങൾ ത്യജിച്ച്, ആത്മഹത്യ തുടങ്ങിയ പാപചിന്തകൾ വെടിഞ്ഞുവന്നാൽ തന്നോടൊപ്പം ഭജനമിരിക്കാൻ സമ്മതിക്കാമെന്നും പൂച്ച പ്രഖ്യാപിച്ചു.

ഈ പ്രഭാതം മുതൽ അസ്തിത്വത്തിന്റെ ദുഃഖവുമായി ലോക നന്മമാത്രം മനസ്സിൽക്കണ്ട് താനീ നാട്ടിലെമ്പാടും അന്വേഷിച്ചത് ഒരു മരീചികയായിരുന്നുവെന്ന് എലി അറിഞ്ഞു. ഇത്തരം ആൻറി-സെക്കുലർ അനാർക്കിയിൽ എലിക്ക് ലേശംപോലും മതിപ്പുളവായില്ല.

തനിക്കു ചുറ്റും നിറഞ്ഞുനിന്ന അസ്തമിക്കാറായ സൂര്യന്റെ പ്രഭാവമില്ലാത്ത രശ്മികൾ ജീവിതാന്ത്യത്തിലേക്കു പരത്തുന്ന വെളിച്ചമാണെന്ന് എലിക്കു തോന്നി. ഈ ദുഃഖത്തിലും, ഈ വീക്ഷണത്തിലും, ഈ വിശപ്പിലും ദാഹത്തിലും തന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള ബോധത്തിന് മങ്ങലേറ്റിരുന്നില്ലല്ലോ, എലി ഓർത്തു. അതിന്, ലോകത്ത് ആവർത്തനത്തിന്റെ താളുകൾ നല്കുന്ന സൂര്യചന്ദ്രന്മാർക്കും, സ്ഥായീഭാവം നല്കുന്ന ആകാശവിരിപ്പിനും, താളലയങ്ങൾ നല്കുന്ന അരുവികൾക്കും കുന്നുകൾക്കും, ജീവന്റെ ഉറവിടമായപ്രകൃതിക്കും തന്റെ ചെറുബുദ്ധിയിൽ തെളിഞ്ഞുവരാത്ത എല്ലാവിധ വിജ്ഞാനങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട്, ആ ഭജനപ്പുരയിൽനിന്നുമിറങ്ങി എലി അതിനു പിമ്പിലുള്ള അമ്പലക്കുളത്തിലേക്കു നടന്നു.

കല്പടവുകളിറങ്ങി കൈകാലുകൾ നനച്ച് അസ്തമിക്കാറായ സൂര്യനെ വന്ദിച്ച് അമ്പലക്കുള ത്തിൽ തനിക്കെത്താവുന്നത്ര അകലത്തിലേക്ക് എലി എടുത്തുചാടി. ഏതാനും കുമിളക ൾപൊന്തിവന്ന് ജലപ്പരപ്പിൽ നേരിയ ഓളങ്ങൾ സൃഷ്ടിച്ച് പരിസ്ഥിതിയിൽ അലിഞ്ഞുചേ ർന്നു.

# 7

## ഡെഡാലസിന്റെ വരവുംകാത്ത്

ശില്പികളുടെ തെരുവിൽ ദിവസങ്ങളായി നിലനിന്നിരുന്ന ഗന്ധം ക്രമേണ ഗാഢമായപ്പോൾ അതവർക്ക് അവഗണിക്കാൻ വയ്യെന്നായി. വായുവിൽത്തന്നെ അലിഞ്ഞുചേർന്ന പുതിയ ഗന്ധം അവരുടെ ചലപില ശബ്ദത്തിലും കല്ലിന് മേൽആവർത്തിച്ച് പതിയുന്ന ചുറ്റിക ശബ്ദത്തിലും ശ്ളഥ താളങ്ങളുടെ കുരുക്കുവീഴ്ത്തി. തലമുറകളോ നൂറ്റാണ്ടുകളോ ആയി പ്രതിമകൾ നിർമ്മിച്ചുപോന്നിരുന്ന ശില്പികളുടെ ഈ തലമുറയ്ക്ക് ആദ്യമായി കണ്ണുകളിൽ വിടരുന്ന വികാരങ്ങളെ പുനഃസൃഷ്ടി ചെയ്യാനും പുൽത്തകിടിയിലൂടെത്തുന്ന ശിശിരക്കാറ്റിന്റെ നൃത്തം ആവാഹിക്കാനും, ദേശാടന പക്ഷികളുടെ രാഗതാളങ്ങൾക്കു മൊഴിമാറ്റം നല്കാനും, തങ്ങൾ നിർമ്മിക്കുന്ന പ്രതിമകളിലേക്ക് അവയെ ഉദ് ഗ്രഥിപ്പിക്കാനും വയ്യെന്നായി.

തലമുറകളിലെ ജനിമൃതികൾക്കിടയിൽ ഉറഞ്ഞുകൂടിയ പാപഭാരങ്ങളുടെ ഗന്ധമല്ലായിരുന്നു അത്, തങ്ങൾക്കതീതമായ വൈദഗ്ദ്ധ്യം മെരുക്കിയെടുത്തതിന് ഏദൻതോട്ടത്തിൽ നിന്നുമുണ്ടായ പുറന്തള്ളലിന്റെ ഗന്ധവുമല്ലായിരുന്നു അത്. അവരുടെ ഉച്ഛ്വാസവായു പ്രതിമകളിൽ തട്ടി അന്തരീക്ഷത്തിൽ വ്യാപിക്കുന്നതോ അവരുടെ പ്രയത്നത്താലുരുകുന്ന രക്തത്തിന്റെ ഗന്ധമോ ആയിരുന്നില്ല അത്.

അതവരുടെ നിലനില്പിന്റേയും നിയോഗത്തിന്റേയും സ്മൃതികളിൽ നിന്നും രക്ഷപ്പെട്ട് മറവിയുടെ കാടുകളിൽ അലിഞ്ഞു ചേർന്ന ആപൽസൂചനകളുടെ ഒഴുക്കായിരുന്നു.

അവരെ ഭയപ്പെടുത്തി ഈ അന്തരീക്ഷത്തിലെ കരുണയും മാധുര്യവുമായിരുന്നുവല്ലോ തലമുറകളായി അവരുടെ ജീവൻ നിലനിർത്തിയിരുന്നത്. അവയായിരുന്നുവല്ലോ പഴമയുടേയും പുതുമയുടേയും കാതൽ സ്വാംശീകരിച്ച് സമൂഹത്തിന് കെട്ടുറപ്പുള്ള സംസ്കാരം നല്കുവാൻ ശില്പികളെ സാധ്യമാക്കിയത്. അവർ നിർമ്മിച്ചപ്രതിമകൾ വെറും പ്രതിബിംബങ്ങളായിരുന്നില്ല. ജീവിതത്തിന്റെ ഭാവമാറ്റങ്ങൾ ഉൾക്കൊണ്ടിരുന്ന ചേതനയുറ്റ സൃഷ്ടികളായിരുന്നു. ഋതുക്കളുടെ രതിഭാവങ്ങളും, സാമൂഹ്യബന്ധങ്ങളുടെ ചലനങ്ങളും വാദ്യാനങ്ങളുടെ പ്രതീകങ്ങളും അവർ നിർമ്മിച്ച പ്രതിമകളിൽ നിറഞ്ഞു നിന്നിരുന്നു. അതിനാൽ

സമൂഹത്തിലുണ്ടാകുന്ന ഭരണമാറ്റങ്ങളും വിപ്ലവപ്രതിവിപ്ലവങ്ങളും ഈ പ്രതിമകളുടെ നിലനില്പിനെ ബാധിച്ചിരുന്നില്ല. മാറിമാറിവന്ന പ്രത്യയ ശാസ്ത്രങ്ങൾക്കനുസൃതമായ രൂപഭാവങ്ങളുൾക്കൊള്ളാൻ കഴിവുള്ള ഈ ശില്പങ്ങളിലേ ദൈവികത്വം സമൂഹത്തെ അതിശയിപ്പിക്കാൻ പോന്നതായിരുന്നു. വ്യക്തിബന്ധങ്ങളുടെ സാക്ഷാത്കാരവും സൗന്ദര്യവസ്തുക്കളുടെ പ്രസരിപ്പും മാത്രമല്ല, ജനാധിപത്യ തത്വങ്ങളിലെ പോരായ്മകളും സാമൂഹ്യനീതിയിലെ പാളിച്ചകളും പ്രതിമകളിൽ ലിഖിതമായിരുന്നു. അതുകൊണ്ടുതന്നെ തെരുവിൽ നിർമ്മിച്ചിരുന്ന പ്രതിമകൾ നാട്ടിലെങ്ങും ഭാവിയെത്താങ്ങി നിർത്തുന്ന പ്രതീകങ്ങളായി.

അവർക്കു ചുറ്റും പടർന്ന പുതിയ ഗന്ധത്താൽ തങ്ങളുടെ ശില്പചാരുതയ്ക്കു കോട്ടംതട്ടുന്നതവരറിഞ്ഞു. അവർ വസിച്ചിരുന്ന തെരുവിൽ ഉടലെടുത്ത നിശ്ശബ്ദതകളിൽ ഈ ഗന്ധത്തിന്റെ ഉറവിടമന്വേഷിച്ചു; സ്വപ്നങ്ങളിൽതങ്ങളെ ഉൽകണ്ഠാകുലരാക്കിയ പുതിയ ഗന്ധത്തിന്റെ പൊരുൾ തേടി. അന്യോന്യം നോക്കുന്ന വേളകളിൽ അപരന്റെ കണ്ണുകളിൽ ഓരോരുത്തരും അറിവിന്റെ തെളിനീർ തിരഞ്ഞു. അവരുടെ സ്ത്രീകൾ ഈറനടുത്ത് അഴിഞ്ഞ മുടിയുമായി തങ്ങളുടെ പുരുഷന്മാരുടെ ദുഃഖനിവൃത്തിക്കായി പരദേവതകളോട് കേണു. നാളികേരവും കദളിപ്പഴവും തെങ്ങിൻകള്ളും കറുപ്പും നൈവേദ്യങ്ങളാക്കി അമാവാസിയിലും പൗർണ്ണമിയിലും മുതിർന്ന സ്ത്രീകൾ ഉറഞ്ഞുതുള്ളി. മറ്റുള്ളവർ പ്രാചീനമായ തങ്ങളുടെ സംസ്കാരത്തിന്റെ കലവറയിൽനിന്നും ഐതീഹ്യങ്ങളെപുറത്തെടുത്തു.

പുതിയ ഗന്ധത്തിന്റെ സ്വഭാവം കണ്ടെത്താൻ ശ്രമിച്ച ശില്പികൾ അത് തെരുവിന്റെ പാർശ്വങ്ങളിൽ കൂടിയിരുന്ന മാലിന്യങ്ങളുടെ ദുർഗന്ധമല്ലെന്ന് മനസ്സിലാക്കി. ദൂരെ നടന്ന പരിവർത്തനത്തിന്റെ വിപ്ലവരക്തമലിഞ്ഞുചേർന്ന തിരമാലകളിൽ നിന്നുമുയരുന്ന ദുർഗന്ധമോ തകർന്നുവീണ മനുഷ്യ സ്വപ് നങ്ങൾ ജീവിതത്തിന്റെ ജീർണ്ണതയിൽപ്പെട്ട് ദ്രവിക്കുന്ന ദുർഗന്ധമോ അല്ലെന്നുമവർ ഗ്രഹിച്ചു. എന്തിന്, അതൊരു ദുർഗന്ധമേ അല്ലെന്നും, അവർ നിർമ്മിച്ച പ്രതിമകൾക്കു ചുറ്റും വിടർന്ന പുഷ്പങ്ങളുടെ പരാഗവിന്യാസത്തോടെത്തുന്ന സുഗന്ധമോ പ്രകൃതിയുടെ സാക്ഷാത്കാരമായി പ്രതിമകളുടെ മുഖത്തു നിഴലിക്കുന്ന മോഹങ്ങളുടെ സുഗന്ധമോ അല്ലെന്നും ഗ്രഹിച്ചു. അതൊരു സുഗന്ധമേ അല്ലെന്നും.

ദുർഗന്ധമോ സുഗന്ധമോ അല്ലാത്ത ഈ നപുംസക ഗന്ധം നിർവചിക്കാനാവുന്ന കെടുതിയോ ഭാഗ്യമോ അല്ലെന്നും, അനിർവാച്യമായ മറ്റെന്തിന്റെയോ മുന്നോടിയാണെന്നും അറിഞ്ഞ അവർ ഭാവിയെ ഭയന്നു.

ക്രമേണ ഗന്ധം രൂക്ഷമാകുകയും തെരുവിലെ സമാധാനത്തിനു വിഘാതം നേരിടുകയും ചെയ്തപ്പോൾ അവർ ഉൽക്കണ്ഠാകുലരായി. ആദ്യമായവർക്കു മരണഭയമുണ്ടായത് സൈബീരിയയിൽ നിന്നും പലായനം ചെയ്ത ഇരണ്ടപക്ഷികൾ അകാരണമായി ചത്തുവീണപ്പോഴാണ്. മരണഭീതിയോടെ പരക്കംപാഞ്ഞ ഇരണ്ടപക്ഷികളുടെ ദീനരോദനങ്ങൾക്കിടയിൽ നിശബ്ദമായി കൊഴിഞ്ഞുവീഴുന്ന ചിത്രശലഭങ്ങളുടെ കുമ്പാരവും തെരുവിൽ പലേടങ്ങളിൽ കണ്ടതോടെ ഭീതിയുടെ കുടുക്കുകളിൽപ്പെട്ട ശില്പികൾ രക്ഷാമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമമായി.

പ്രാർത്ഥനകൊണ്ടും ആഭിചാരങ്ങൾ കൊണ്ടും കൂട്ടായി ചിന്തിച്ചതുകൊണ്ടും ഫലമില്ലെന്നു കണ്ട അവരുടെ തെരുവ് ദുഃഖത്തിന്റെ ഗന്ധവും സാന്ത്വനത്തിന്റെ അടക്കം ചൊല്ലലും പരാജയത്തിന്റെ നെടുവീർപ്പുകളും കൊണ്ട് നിറഞ്ഞു. ഇനി അവരുടെ രക്ഷകൻ മുത്തപ്പൻ മാത്രമാണെന്ന് അവർ തങ്ങളിൽ പറഞ്ഞുതുടങ്ങി.

മുത്തപ്പൻ.

തങ്ങളുടെ മുത്തപ്പൻ.

മനുഷ്യായുസ്സിനും ജനിമൃതികൾക്കുമതീതനായ, നൂറ്റാണ്ടുകളുടെ പ്രായത്താൽ തലമുറകളുടെ കണ്ണിയായ മുത്തപ്പൻ.

"മുത്തപ്പൻ" എന്ന ശബ്ദം ഒരു ശാന്തിമന്ത്രമെന്നോണം അവരുടെ ചുണ്ടുകളിൽ നിന്ന് ഉതിർന്നുവീണ് അനവധി തവണ ആവർത്തിക്കപ്പെട്ട് തെരുവിലെമ്പാടും നിറഞ്ഞുനിന്നു. ക്രമേണ ഈ മന്ത്രം പിൻസ്മൃതികളുടെ താളമായി ആരോഹണാവരോഹണമായി തിരമാലകളായി മുന്നോട്ടു നീങ്ങി. അവർ ഈ ശബ്ദത്തെ പിന്തുടർന്ന് മുത്തപ്പനു ചുറ്റും തടിച്ചുകൂടി ദയനീയമായി അപേക്ഷിച്ചു.

"ഞങ്ങൾക്കൊരു പോംവഴി പറഞ്ഞുതരൂ..."

സമൃദ്ധവും ദീർഘവുമായ താടിരോമങ്ങളും ചുളിവു വീണ, എന്നാൽ ഗംഭീരവുമായ മുഖവുമായിരുന്ന അദ്ദേഹത്തിന്, നിരവധി തലമുറകളിൽ വ്യാപരിച്ചിരുന്ന ഓർമ്മകൾക്കും നൂറ്റാണ്ടുകളുടെ പ്രായത്തിനുമനുസൃതമായ നിറഭേദങ്ങൾ മുടിയിലും താടിരോമങ്ങളിലും ഉണ്ടായിരുന്നു. നിശ്ശബ്ദമായ യാമങ്ങളുടെ പൊടിപടലങ്ങൾ താടിരോമങ്ങൽക്കിടയിൽ അടങ്ങിക്കിടന്നു. അവരുടെ ദൈന്യത മുത്തപ്പന്റെ കണ്ണുകളിൽ മിന്നിനിറഞ്ഞു. ആ കണ്ണുകൾ ത്രസിക്കുകയും നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മൃതികളിലേക്കു ആഴ്ന്നിറങ്ങുന്നതും ശില്പികൾ കണ്ടുനിന്നു.

അതിൽനിന്നുണർന്ന് അവരോടായി അദ്ദേഹം പറഞ്ഞു. "മക്കളേ, ഇപ്പോഴുള്ള നിമിത്തങ്ങൾ ഈ തെരുവിന്റേയും ഇന്നത്തെ ശില്പിപരമ്പരയുടേയും അന്ത്യത്തെ സൂചിപ്പിക്കുന്നു. നിരാശരാകാതെ സമചിത്തതയോടെ അന്ത്യംവരേയും കഴിയുക. അതിലേക്കായിനിങ്ങളുടെ പൂർവ്വജന്മങ്ങളുടെ കഥ പറഞ്ഞുതരാം."

"മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പും ഈ തെരുവുണ്ടായിരുന്നു, ശില്പികളും. അവരുടെ അന്ത്യത്തിന്റെ സൂചന മഴയിലൂടെയാണ് എത്തിയത്. നിർത്താതെ പെയ്തിരുന്ന മഴയിൽ തെരുവും മേല്പുരകളും മുങ്ങുമെന്നുറപ്പായപ്പോൾ ഞങ്ങൾ പരിഹാരം കണ്ടെത്തി ഞങ്ങളെക്കൊണ്ടാവുംവിധം വലിയ പെട്ടകം നിർമ്മിച്ച് ഏറ്റവും പ്രഗല്ഭരായ ശില്പികളേയും ആവുന്നത്ര സ്ത്രീകളേയും അതിനുള്ളിലാക്കി പ്രളയ ജലത്തിൽ തുഴഞ്ഞുനടന്നു. പ്രളയമൊടുങ്ങിയപ്പോൾ അവർ തെരുവു സംസ്കാരവും വീണ്ടും സ്ഥാപിച്ചു. ആ ശില്പികൾ വൈദഗ്ധ്യം വാർന്നൊഴുകുന്ന പുതിയ ശില്പങ്ങളുണ്ടാക്കി. അവരുടെ സ്ത്രീകളിൽനിന്നും ഉതിർപൂക്കൾ പോലെ സന്തതികൾ വന്നു നിറഞ്ഞു. ആ അമ്മമാർ അവർക്കായി പാൽ ചുരത്തി, അങ്ങനെ

അവരുടെ സിരകളിൽ ശില്പകലയുടെ മൂലപ്പാൽ അലിഞ്ഞുചേർന്നു."

"പക്ഷേ ഇപ്പോൾ നൂറ്റാണ്ടുകളിലൂടെ വന്നെത്തിയ അസ്തിത്വം അവസാനിക്കുന്നതിന്റെ നിമിത്തങ്ങൾ ജീവവായുവിൽത്തന്നെ അലിഞ്ഞുചേർന്നിരിക്കുന്നതിനാൽ അത് ജീവിക്കുക അസാദ്ധ്യം തന്നെ..."

അദ്ദേഹം കണ്ണുകൾ തുറന്ന് ചുറ്റും കൂടിയിരുന്ന തന്റെ സന്തതിപരമ്പരയിലെ എല്ലാവരേയും നോക്കിക്കണ്ടു. ദാക്ഷിണ്യത്തിന്റേയും സാന്ത്വനത്തിന്റേയും വാക്കുകൾക്കു കാത്തുനിന്ന അവരോട് അദ്ദേഹം തുടർന്നു:

"മക്കളേ, നമ്മെ സൃഷ്ടിച്ചത് ഒരു ശില്പിയായിരുന്നു. ഡെഡാലസ്. ശില്പികളുടെ ദേവൻ. ആയിരക്കണക്കിനു മനുഷ്യപ്രതിമളുണ്ടാക്കി ജീവവായു ഊതിക്കൊടുത്ത് പ്രാണൻ നല്കിയത് അദ്ദേഹമാണ്. എന്നിട്ട്, സംസ്കാരങ്ങളും വിപ്ലവങ്ങളും മാറിമാറി വന്നപ്പോൾ പുതിയതലമുറകൾ ഡെഡാലസിനെ സ്മൃതിയിൽ നിന്നും മായ്ച്ച് അനാദരവു കാട്ടി. അതാവണം ഈ പ്രതിസന്ധി. നിങ്ങൾ പ്രാചീനതയിലേക്കു മടങ്ങിപ്പോയി ശില്പികളുടെ ദേവനെ ഭജിക്കുക. ഒഴിയാനാവാത്ത മരണം തേടിയെത്തുമ്പോൾ സ്വന്തം രൂപത്തിൽ പ്രതിമകൾ നിർമ്മിച്ച് തർപ്പണം ചെയ്ത് മരണത്തെ വരിക്കുക. എന്നെങ്കിലും ഡെഡാലസ് നിങ്ങളോട് കാരുണ്യം കാട്ടാൻ വീണ്ടും വരാതിരിക്കില്ല. അന്ന് നിങ്ങളുടെ പ്രതിമകളിൽ ജീവവായു ഊതിത്തന്ന് പ്രാണൻ തിരികെ നല്കും. ശേഷിച്ച ജീവിതം തിരിച്ചുകിട്ടും."

മുത്തപ്പന്റെ വാക്കുൾകൾ അവർക്കു വാഗ്ദാനമായി. കഠിനമായ അദ്ധ്വാനത്തിനു ശേഷം ദൈവം അറിഞ്ഞുനല്കിയ വിശ്രമമെന്നോണം അതവരെ കുളിർപ്പിച്ച് കണ്ണുകളിൽ നിന്നും ഭീതിയകറ്റി.

അവരാദ്യം തങ്ങൾ അനാദരിച്ച ദേവന് അമ്പലം തീർത്തു. കൂടിവരുന്ന ഗന്ധത്തിൽ നിന്നും ജീവവായു അരിച്ചെടുത്ത് അവർ കർമ്മനിരതരായി. തെരുവിൽ ഒരുണർവ്വോടെ തുടർച്ചയായ ചുറ്റികശബ്ദം മടങ്ങിവന്നു. പ്രകൃതിയുടെ പൊരുൾ പകർത്തിയിരുന്ന അവർക്ക് ഇക്കുറി സ്വന്തം പ്രതിബിംബമൊരുക്കുകയെന്നത് അനായാസമായി ചെയ്യുവാൻ കഴിയുമായിരുന്നു. പക്ഷെ എങ്ങനെയാണ് മരണത്തിനു തൊട്ടുമുമ്പുള്ള തങ്ങളുടെ രൂപഭാവങ്ങൾ ശില്പത്തിലാക്കുക? എങ്ങനെയാണ് ശിഷ്ടജീവിതത്തിനായ പ്രാർത്ഥനയുമായി തങ്ങളുടെ പ്രതിമകൾ ഡെഡാലസിനെ കാത്തുനിൽക്കേണ്ടത്? ഇതിനുത്തരം ഒരു വെളിപാടായി അവരുടെ കണ്ണുകളിൽ പ്രത്യക്ഷപ്പെട്ടു. പ്രതിമ പാദങ്ങളിൽനിന്നും ആരംഭിച്ച് മുഖത്തിൽ അവസാനിക്കുക. മുഖത്തിന്റെ അവസാന മിനുക്കുപണികൾ ചെയ്യവെ മരണം വരിക്കുക.

ദീർഘമായ പ്രാർത്ഥനകളും തർപ്പണവുമായി ദിവസങ്ങൾ കടന്നുപോകെ അവിടെ നിമിത്തമായി വന്ന ഗന്ധവും ശക്തിയാർജ്ജിച്ചു. അതു ക്രമേണ പ്രാണവായുവിനെ നേർപ്പിച്ച് ജീവജാലങ്ങളെ അസ്തമിപ്പിച്ചിരുന്നു. ദ്രുതവും ക്രമവുമായ ശിലകളിലമരുന്ന പണിയായുധങ്ങളുടെ ശബ്ദം യവനദേവന് അർപ്പിച്ചുകൊണ്ട് തുടർന്നെത്തിയ ദിനങ്ങളിലേക്ക് തെരുവ് ഇഴഞ്ഞുനീങ്ങി.

അനുബന്ധം:

ഏകദേശം രണ്ടായിരം വർഷങ്ങൾക്കുശേഷമാണ് ഗവേഷകൻ അവിടെയെത്തിയത്. ഉൽകൃഷ്ടമായ പ്രതിമകൾ നിർമ്മിച്ചിരുന്ന വലിയ ഒരു സംസ്കാരം അവിടെ നിലനിന്നിരുന്നുവെന്ന് അയാൾ ഗ്രഹിച്ചിരുന്നു. ക്ലേശപൂർണ്ണവും സുദീർഘവുമായ അന്വേഷണത്തിനും ഖനനത്തിനും ശേഷം അയാൾ തെരുവിന്റെ ഹൃദയം കണ്ടെത്തി.

അവിടെ യവന മാതൃകയിലുള്ള ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളും ആയിരക്കണക്കിനു മനുഷ്യ പ്രതിമകളും ഉണ്ടായിരുന്നു.

പ്രതിമകളിൽ ഒന്നിനുപോലും മുഖം ഉണ്ടായിരുന്നില്ല.

> ഗർഭേ നു സന്നന്വേഷാമ വേദ-
> മഹം ദേവാനാം ജനിമാനി വിശ്വാ
> ശതം മാ പുര ആയസീര രക്ഷ-
> നധഃ ശ്യേനോ ജവസാ നിരദീയ മിതി.

(ഐതരേയോപനിഷത്ത്, 2.5)

# 8

## ആപേക്ഷികം

അനന്തമായ ഒരു പാത സങ്കൽപ്പിക്കുക. ഇനി അതിലേ നടന്നുപോകുന്ന ഒരാളെ നമുക്കു ശ്രദ്ധിക്കാം. ഉദിച്ചുവരുന്ന സൂര്യനിൽ നിന്നും അയാളുടെ നിഴൽ അങ്ങു ദൂരേ പടിഞ്ഞാറ് പതിക്കും. പിന്നെ സൂര്യൻ മേലോട്ടു കയറുമ്പോൾ നിഴൽ അയാളുടെ പാദത്തിനു ചുറ്റുമൊരു നുറുങ്ങുവൃത്തമായി ചുരുങ്ങും. ആ നിഴലാകട്ടെ കീഴോട്ട് തുളച്ചുകയറി ഭൂമിയുടെ കേന്ദ്രബിന്ദുവിലെത്തും. സൂര്യന്റെ രശ്മികളും അയാളിലൂടെ കടന്ന് ഇതേ ബിന്ദുവിലേക്ക് കേന്ദ്രീകരിക്കും. ഇപ്പോൾ ഭൂമിയും നിഴലും അയാളും സൂര്യരശ്മികളും സൂര്യനും എല്ലാം ഒരു നേർരേഖയിലാണ്. നിഴൽ ഭൂമിയിലേക്കും അയാൾ സൂര്യനിലേക്കും നീണ്ടുനീണ്ടുപോകയാണെങ്കിൽ വസ്തുവും തരംഗവും കെട്ടുപിണഞ്ഞുകിടക്കുന്ന തീക്ഷണമായ ഭൗതിക ബന്ധത്തിലെ സങ്കീർണ്ണത നാമറിയും. ഈ ബന്ധങ്ങൾക്കു ദൈർഘ്യം ഒരു നിമിഷം മാത്രമാണ്. അതിനപ്പുറം സ്ഥിരത ഇതിനില്ല.

ഈ ഒരു നിമിഷത്തെക്കുറിച്ച് കൂടുതൽ ചിന്തിച്ചാൽ നമ്മുടെ ഭാവനയിൽ വിചിത്രവും ഗൗരവമുള്ളതുമായ പലതും നിറഞ്ഞ, എന്നാൽ ഇക്കഥയിലും എത്രയോ വലുതായ മറ്റു കഥകളുടെ ചുരുളഴിയും.

## 9

## നാറാണത്തുഭ്രാന്തൻ

നാറാണത്തുഭ്രാന്തന്മാർ അനവധിയാണ്. ഒന്നല്ല . ഈജിപ്റ്റിൽ പ്റ്റോളമിമാരും ക്ലിയോപാടമാരും അനവധിയുണ്ടായിരുന്നു, എന്നപോലെ.

ആദ്യത്തെ നാറാണത്തുഭ്രാന്തൻ കുന്നിക്കുരുപോലൊരു കല്ലാണ് മലയ്ക്കു മീതെ കൊണ്ടുപോയത്. വളരെ ചെറുതാകയാൽ അത് ആരുടെയും ശ്രദ്ധയിപ്പെട്ടില്ല. ഈ ഭ്രാന്തനെക്കുറിച്ചതിനാൽ ചരിത്രവുമില്ല. അദ്ദേഹത്തിന്റെ കാലശേഷം നാറാണത്തുഭ്രാന്തൻ രണ്ടാമനുണ്ടായി. ചക്കയോളം പോന്ന കല്ലാണ് ഇക്കുറി മലമുകളിൽനിന്നും ഉരുണ്ടു വന്നത്. ചില്ലറ നാശനഷ്ടങ്ങളുണ്ടാക്കിയ അപഹാസ്യമായ ഈ പ്രവൃത്തികണ്ട് സമൂഹം അദ്ദേഹത്തെ ആട്ടിപ്പായിച്ചു.

മൂന്നാമത്തെ നാറാണത്തുഭ്രാന്തനാണ് ചരിത്രം മനസ്സിലാക്കാൻ ശ്രമിക്കുന്ന ഇതിഹാസപുരുഷൻ.

നാറാണത്തു ഭ്രാന്തന്മാർ പിന്നെയുമുണ്ടായി. അവർ വലിയ പാറക്കല്ലുകൾ ചുമന്ന് കീഴോട്ടിട്ടില്ല. പാറക്കല്ലുകളെക്കാൾ അനവധി ഇരട്ടി വലിപ്പമുള്ള നുണകളാണ് അവർ പർവ്വതാഗ്രത്തിൽനിന്നും ജനമധ്യത്തേയ്ക്കുരുട്ടിപ്പതിപ്പിച്ചത്.

അവ ചിന്നിച്ചിതറി നമുക്കുമേൽ അമർന്നു, അതിന്റെ ആഘാതത്തിൽ ഭൂരിപക്ഷത്തിന്റെ തല കുമ്പിട്ടു.

അങ്ങനെ, അവർ നമ്മെ ഭരിക്കുന്ന അധികാരികളായി.

# 10

## മന്ഥര

മന്ഥരയെ കൊട്ടാരത്തിൽനിന്നു കല്ലെറിഞ്ഞാണ് ഓടിച്ചത്.

സത്യത്തിൽ മന്ഥര ഒരു ബുദ്ധിജീവിയായിരുന്നു. ചിന്തകളുടെ ഭാരത്താൽ നട്ടുവുകുനി. സൂക്ഷ്മമായി കണ്ടുകണ്ട് കാഴ്ച നശിച്ചു. അറിവിന്റെ പ്രാരബ്ധങ്ങൾ മുഖത്തു ചുളിവുകൾ വീഴ്ത്തി. ചരിത്രം പഠിക്കാത്ത ചരിത്രകാരന്മാർ അവരെ ദുഷ്ടകഥാപാത്രമാക്കി.

കർണ്ണനേയും ബ്രൂട്ടസ്സിനേയും നമ്മുടെ പണ്ഡിതന്മാർ ദുഷ്ടകഥാപാത്രങ്ങളാക്കിയത് ഓർക്കുക .

മന്ഥര തന്റെ ഊന്നുവടിയിൽ നിവർന്നുനിന്നു കൈകേയിയുടെ ചെവിയിൽ മന്ത്രിച്ചു. വെറും ചെറുവിരൽകൊണ്ടു ഭർത്താവിനെ മെരുക്കുന്നതെങ്ങനെയെന്നാണ് മന്ഥര അവരെ പഠിപ്പിച്ചത്. ബുദ്ധിമതിയായ ഭാര്യയുടെ ചെറുവിരലിനപ്പുറം പോകാൻ സാധാരണഭർത്താവിനാവില്ലെന്ന് നമുക്കേവർക്കും അറിയാമല്ലോ. ദശരഥന്റെ രഥം പണ്ടു പാളിപോകാതെ തടഞ്ഞു നിർത്തിയത് കൈകേയിയുടെ ഒരു ചെറുവിരലാണ്.

ദശരഥന്റെ രഥം എന്നാൽ അദ്ദേഹം യാത്ര ചെയ്തിരുന്ന വാഹനം എന്നു പിൽക്കാലപണ്ഡിതന്മാർ പറഞ്ഞതു തെറ്റ്. രഥം ഒരു അലിഗറിയാണ്. അലിഗറി ഉപയോഗിക്കുമ്പോൾ എടുത്തു പറയേണ്ട കാര്യമില്ലല്ലോ. സഹൃദയർ അതിലെ താത്പര്യം ഉൾകൊള്ളുകയാണ് വേണ്ടത്. ദശരഥനിൽത്തന്നെ അടങ്ങിയിരിക്കുന്ന രഥം അഥവാ ദശരഥന്റെ ജീവനെന്ന രഥം എന്നു നാം മനസ്സിലാക്കിയാൽ ഒരു കാര്യം വ്യക്തമാകും. ഇത് എന്നും കൈകേയിയുടെ നിയന്ത്രണത്തിലായിരുന്നു. ഇതാണ് മന്ഥര പഠിപ്പിച്ച പാഠം. ആ ചെറുവിരൽ അനക്കി കൈകേയി ദശരഥനെ വരുത്തി, അതിന്റെ ശക്തിയിൽ അദ്ദേഹം മോഹാലസ്യപ്പെട്ടു വീണു.

ഈ അലിഗറി പരാജയപ്പെട്ടപ്പോൾ മന്ഥരയ്ക്കു കഷ്ടകാലം വന്നു. ബുദ്ധിയില്ലാത്തവർക്കു ശക്തികൊണ്ടു വിജയിക്കാനാവില്ലെന്ന് കൈകേയി തെളിയിച്ചു. അതിനു മന്ഥരയെ ശി

ക്ഷിക്കണമായിരുന്നോ?

നാം ഓർക്കേണ്ടത്: മന്ഥരയ്ക്കും വരും ഒരു നല്ലകാലം.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA